
LEADING CHRISTIAN MAGAZINE

# ആത്മാഭിഷേകം

2017 നവംബർ വാല്യം 2 ലക്കം 11

## FUNDAMENTAL KNOWLEDGE OF TRUE THEOLOGY CHAPTER : 29



# "Great Tribulation"

DEVASIA MULLAKARA SIR




തനിക്ക് മരണാനന്തരം ഉണ്ടാകാൻ പോകുന്ന പുനരുത്ഥാനത്തെക്കുറിച്ച് യേശുതന്നെയും ഊന്നി പ്പറഞ്ഞിട്ടുള്ള കാര്യങ്ങൾ ക്രിസ്തുവിശ്വാസികൾ കൂടുതൽ ചർച്ചചെയ്തിട്ടില്ലെങ്കിൽ വിശ്വാസഗോളത്തിൽ അവർ ഇനിയും വേണ്ടത്ര വളർന്നിട്ടില്ല എന്ന് പറയേണ്ടതായി വരും. മത്താ.16:21 "അന്നുമുതൽ യേശു, താൻ യെരുശലേമിൽ ചെന്നിട്ട് മൂപ്പന്മാർ, മഹാപുരോഹിത ന്മാർ, ശാസ്ത്രിമാർ എന്നിവരാൽ പലതും സഹിച്ച് കൊല്ലപ്പെടുകയും മൂന്നാംനാൾ ഉയിർത്തെഴുന്നേ ൽക്കുകയും വേണ്ടത് എന്ന് ശിഷ്യന്മാരോട് പ്രസ്താവിച്ചുതുടങ്ങി." മത്താ.17:9 – അവൻ മലയിൽ നിന്ന് ഇറങ്ങിയപ്പോൾ യേശു അവരോട്: ''മനുഷ്യപുത്രൻ മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴുന്നേൽക്കുംവരെ ഈ ദർശനം ആരോടും പറയരുതെന്ന് കല്പിച്ചു. മത്താ.17:22,23–ൽ അവൻ ഗലീലയിൽ സഞ്ചരിക്കുമ്പോൾ യേശു അവരോട്: മനുഷ്യപുത്രൻ മനുഷ്യരുടെ കയ്യിൽ ഏല്പിക്കപ്പെടാറായിരിക്കുന്നു. അവർ അവനെ കൊല്ലുകയും മൂന്നാംനാൾ അവൻ ഉയിർത്തെഴുന്നേൽ ക്കുകയും ചെയ്യും എന്ന് പറഞ്ഞു. അവരോ ഏറ്റവും ദു:ഖിച്ചു.'' മത്താ.20:18,19 വാക്യങ്ങളിൽ ''നാം യരുശലേമിലേക്ക് പോകുന്നുവല്ലോ. അവിടെ മനുഷ്യപുത്രൻ മഹാപുരോഹിതന്മാർക്കും ശാസ്ത്രി മാർക്കും ഏല്പിക്കപ്പെടും. അവർ അവന് മരണശിക്ഷ കല്പിച്ച്, പരിഹസിക്കുവാനും, തല്ലുവാനും, ക്രൂശിക്കു വാനും, അവനെ ജാതികൾക്ക് ഏല്പിക്കും. എന്നാൽ മൂന്നാം നാൾ അവൻ ഉയിർത്തെഴുന്നേൽക്കും.'' മത്താ.26:32–ൽ ''എന്നാൽ ഞാൻ ഉയിർത്തെഴുന്നേറ്റ ശേഷം നിങ്ങൾക്ക് മുമ്പായി ഗലീലയ്ക്ക് പോകും.'' മർക്കോ.9:10–ൽ മരിച്ചവരിൽനിന്ന് എഴുന്നേൽക്കുക എന്നുള്ളത് എന്ത് എന്ന് ഉള്ളിൽ തർക്കിച്ചുകൊണ്ട് അവർ ആ വാക്ക് ഉള്ളിൽ സംഗ്രഹിച്ചു." ലൂക്കോ.9:22–27–ൽ "മനുഷ്യപുത്രൻ പലതും സഹിക്കുകയും, മൂപ്പന്മാർ, മഹാപുരോഹിതന്മാർ, ശാസ്ത്രികൾ എന്നിവർ അവനെ തള്ളിക്കളഞ്ഞ് കൊല്ലുകയും, അവൻ മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കുകയും വേണമെന്ന് പറഞ്ഞു. പിന്നെ അവൻ എല്ലാവരോടും പറഞ്ഞത്, എന്നെ അനുഗമി ക്കുവാൻ ഒരുത്തൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ നിഷേധിച്ച് നാൾതോറും തന്റെ ക്രൂശെടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ. ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാലൊ അതിനെ രക്ഷിക്കും. ഒരു മനുഷ്യൻ സർവ്വലോകവും നേടിയിട്ട്, തന്നെത്താൻ നഷ്ടമാക്കിക്കളയുകയൊ ഛേദം വരുത്തുകയൊ

(ശേഷം 4–ാം പേജിൽ)

## Contents

എഡിറ്റോറിയൽ ....................................2,4,6,7
ക്രിസ്തുശാസ്ത്രവും അന്ത്യകാല ശാസ്ത്രവും....................................3,5,8-15
ആരാധനാ കേന്ദ്രങ്ങളും ശുശ്രൂഷകരും.................................... 16-21
ക്രിസ്തുശാസ്ത്രവും അന്ത്യകാല ശാസ്ത്രവും ....................................22-33
സാക്ഷ്യങ്ങൾ....................................7,23,24,26,31
വാർത്തകൾ ....................................34
പ്രോഗ്രാം കലണ്ടർ ....................................35




**യേശുക്രിസ്തുവിന്റെ വീണ്ടും വരവ് - രണ്ടാം ഭാഗം**

ക്രൈസ്തവ ജീവിതത്തിന്റെ ലക്ഷ്യം നിത്യജീവൻ പ്രാപിക്കുക എന്നതു തന്നെയാണ്. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹ.3:16). ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ നിത്യജീവൻ ലഭിച്ചു കഴിഞ്ഞു എന്നാണ് ഈ തിരുവചനം നമ്മെ പഠിപ്പിക്കുന്നത്. പക്ഷെ ആ വിശ്വാസം നിർവ്യാജവും വിശുദ്ധവും ഒട്ടും പതറാത്തതുമായിരിക്കണം. എന്നാൽ വിശ്വാസത്തിൽ, വിശ്വാസി, പതാറാനുള്ള സാധ്യത കൂടുതലാണ്. അതിന്റെ കാരണം, ഈ ലോകവും ലോകവ്യവസ്ഥകളും അതിന്റെ വശ്യതയും ഏതൊരു വിശുദ്ധനെയും ആകർഷിച്ചു കളയുന്ന വിധത്തിലാണ്. ഈ ബലഹീന ശരീരം പാപത്തിലേയ്ക്ക് നമ്മെ കൂപ്പുകുത്തിക്കാവുന്ന തരത്തിലാണ്, പ്രത്യേകിച്ചും ചിന്തകൾ. ഇതെല്ലാം മുതലെടുക്കുവാൻ ശ്രമിക്കുകയാണ് തന്ത്രജ്ഞാനിയായ സാത്താൻ. ഇക്കാരണങ്ങളാലാണ് പൗലൊസപ്പൊസ്തലൻ ഇങ്ങനെ എഴുതിയിരിക്കുന്നത്: "നീയൊ ദൈവത്തിന്റെ മനുഷ്യനായുള്ളോവെ, അത് വിട്ടോടി നീതി, ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ, സൗമ്യത എന്നിവയെ പിന്തുടരുക: വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക. നിത്യജീവനെ പിടിച്ചുകൊൾക; അതിനായി വിളിക്കപ്പെട്ട് അനേകം സാക്ഷികളുടെ മുമ്പാകെ നല്ല സ്വീകാര്യം കഴിച്ചുവല്ലൊ" (1 തിമൊ.6:11,12). ഈ യഥാർത്ഥ വിശ്വാസത്തിന് നല്ല പോർ പൊരുതേണ്ടതുണ്ടെന്നും നിത്യജീവനെ കിട്ടിക്കഴിഞ്ഞുവെന്ന് കരുതി മയങ്ങിപ്പോകേണ്ടെന്നും നിത്യജീവനെ പിടിച്ചുകൊള്ളേണമെന്നും പറഞ്ഞിരിക്കുകയാണല്ലൊ പൗലൊസപ്പൊസ്തലൻ. ക്രിസ്തുവിൽ അതിശക്തമായി വിശ്വസിച്ചുകൊണ്ട്, ആദി മുതൽ കേട്ടത് ഏറ്റെടുത്ത് ഉറപ്പിച്ച് അവ നമ്മുടെയുള്ളിൽ വസിക്കുകയാണെങ്കിൽ ത്രീയേകദൈവം നമ്മുടെയുള്ളിൽ ആത്മാവായി വന്ന് വസിക്കുക തന്നെ ചെയ്യും. അങ്ങനെയാണ് ദൈവീകവാഗ്ദത്തം. അതാണു താനും നിത്യജീവൻ. "നിങ്ങൾ ആദിമുതൽ കേട്ടത് നിങ്ങളിൽ വസിക്കട്ടെ. ആദിമുതൽ കേട്ടത് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ നിങ്ങൾ പുത്രനിലും പിതാവിലും വസിക്കും. ഇതാകുന്നു അവൻ നമുക്ക് തന്ന വാഗ്ദത്തം: നിത്യജീവൻ തന്നെ" (1 യോഹ.2:24,25). ശരിയാണ്, ആദിമുതൽ കേട്ട വാഗ്ദത്തങ്ങളും സത്യങ്ങളും നമ്മിൽ വസിക്കുന്നതും, പിതാവും പുത്രനും പരിശുദ്ധാത്മാവും നമ്മിൽ വസിക്കുന്നു എന്നതും നിത്യജീവൻ തന്നെ എങ്കിലും ആ രക്ഷയ്ക്കായി നാം നിരന്തരം അടരാടേണ്ടതുണ്ടെന്ന് ഫിലി.2:12-ൽ അപ്പൊസ്തലൻ തറപ്പിച്ചു പറയുന്നു എന്നതാണ് സത്യദൈവശാസ്ത്ര ചിന്ത. "അതുകൊണ്ടുതന്നെ പ്രിയമുള്ളവരെ, നിങ്ങൾ എല്ലായ്പ്പോഴും അനുസരിച്ചതു പോലെ ഞാൻ അരികത്തിരിക്കുമ്പോൾ മാത്രമല്ല ഇന്ന് ദൂരത്തിരിക്കുമ്പോൾ ഏറ്റവും അധികമായി ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ രക്ഷയ്ക്കായി പ്രവർത്തിപ്പിൻ." അതെ,

(ശേഷം 5-ാം പേജിൽ)

എഡിറ്റോറിയൽ ബോർഡ്
ചീഫ് എഡിറ്റർ: ദേവസ്യാ മുല്ലക്കരസാർ
എഡിറ്റർ: പാ:ടോമിച്ചൻ വട്ടപ്പാറയിൽ
സർക്കുലേഷൻ മാനേജർ: പാ: ജോയിച്ചൻ
പാ: അബ്രാഹം, പാ: ജോർജ്ജ്, പാ:സോജൻ
പാ: യേശുദാസ്, പാ: മാത്യു, പാ: ജോണി
ആർട്ടിസ്റ്റ്: ജോസഫ് ഫ്രാൻസിസ്,
ഡി.റ്റി.പി: സ്നേഹ ജോയിച്ചൻ,
സ്റ്റിൽസ്: പ്രിൻസ് ജോസ്,
ലേഔട്ട് & ഡിസൈൻ : ജസ്റ്റിൻ




(2-ാം പേജിൽ നിന്നും തുടർച്ച)

ചെയ്താൽ അവന് എന്ത് പ്രയോജനം? ആരെങ്കിലും എന്നെയും എന്റെ വചനങ്ങളെയുംകുറിച്ച് നാണിച്ചാൽ അവനെക്കുറിച്ച് മനുഷ്യപുത്രൻ, തന്റെയും പിതാവിന്റെയും വിശുദ്ധദൂതന്മാരുടെയും മദ്ധ്യത്തിൽ വരുമ്പോൾ നാണിക്കും. എന്നാൽ ദൈവരാജ്യം കാണുവോളം മരണം ആസ്വദിക്കാത്തവർ ചിലർ ഇവിടെ നിൽക്കുന്നവരിലുണ്ട് സത്യം എന്ന് ഞാൻ നിങ്ങളോട് പറയുന്നു. യോഹ.2-ലും 18 മുതൽ 22 വരെ വചനങ്ങളിൽ "എന്നാൽ യഹൂദന്മാർ അവനോട് : നിനക്ക് ഇങ്ങനെ ചെയ്യാം എന്നതിന് നീ എന്ത് അടയാളം കാണിച്ചുതരും എന്ന് ചോദിച്ചു. "യേശു അവരോട്, ഈ മന്ദിരം പൊളിക്കുവിൻ; ഞാൻ മൂന്നുദിവസത്തിനകം അതിനെ പണിയും എന്നുത്തരം പറഞ്ഞു. യഹൂദന്മാർ അവനോട് ഈ മന്ദിരം നാൽപ്പത്തിയാറ് സംവത്സരംകൊണ്ട് പണിതിരിക്കുന്നു; നീ മൂന്നുദിവസംകൊണ്ട് അതിനെ പണിയുമൊ എന്ന് ചോദിച്ചു. അവനൊ തന്റെ ശരീരമെന്ന മന്ദിരത്തെക്കുറിച്ചത്രെ പറഞ്ഞത്. അവൻ ഇത് പറഞ്ഞു എന്ന് അവൻ മരിച്ചവരിൽ നിന്നുയിർത്തെഴുന്നേറ്റ ശേഷം ശിഷ്യന്മാർ ഓർത്തു, തിരുവെഴുത്തും യേശു പറഞ്ഞ വചനവും വിശ്വസിച്ചു."

ഈ വചനങ്ങളെല്ലാം ബഹുമാന്യരായ വായനക്കാർ ഏതാനും പ്രാവശ്യംകൂടി മനസ്സിരുത്തി മൂന്നാലു പ്രാവശ്യംകൂടി വായിച്ചശേഷം ഇനി എഴുതുവാൻ പോകുന്ന 15 കാര്യങ്ങൾകൂടി വായിച്ചശേഷം സ്വയം തീരുമാനിച്ചാലും നിങ്ങളുടെ വിശ്വാസവും ജീവിതവും ക്രിസ്തുവിന് സമർപ്പിച്ചാൽ ലഭിക്കാൻ പോകുന്നത് നിത്യജീവൻ തന്നെയല്ലേ എന്ന്.

1. മർക്കോ.16:9-ലും യോഹ.20:14-ലും മഗ്ദലനാക്കാരി മറിയയ്ക്ക് യേശു ഉയിർത്തെഴുന്നേറ്റ ശേഷം പ്രത്യക്ഷപ്പെട്ടു.

2. മത്താ.28:9,10-ൽ കല്ലറയിൽ നിന്ന് മടങ്ങുന്ന സ്ത്രീകൾക്ക് പുനരുത്ഥാനം ചെയ്ത ക്രിസ്തു പ്രത്യക്ഷപ്പെടുന്നു.

3. ആ ദിവസംതന്നെ പത്രൊസിന് പ്രത്യക്ഷപ്പെട്ടതായി ലൂക്കോ.24:34-ലും 1 കൊരി.15:5-ലും രേഖപ്പെടുത്തിയിരിക്കുന്നു.

4. ലൂക്കോ.24:13-33-ൽ എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാർക്ക് യേശു പ്രത്യക്ഷപ്പെടുന്നു.

5. തോമസ് കൂടെയില്ലാത്ത സമയത്ത് അപ്പൊസ്തലന്മാർക്ക് പ്രത്യക്ഷപ്പെടുന്നു. ലൂക്കോ.24:36-43, യോഹ.20:19-24.

6. യോഹ.20:26-29-ൽ തോമസ് ഉൾപ്പെടെയുള്ള അപ്പൊസ്തലന്മാർക്ക് പ്രത്യക്ഷപ്പെടുന്നു.

7. യോഹ.21:1-23-ൽ തിബേരിയോസ് കടൽക്കരെ ഏഴ് പേർക്ക്

8.1 കൊരി.15:6-ൽ ഗലീലാ മലയിൽ അഞ്ഞൂറിലധികം പേർക്ക്

9. 1 കൊരി.15:7-ൽ യാക്കോബിന്

10. 11 പേർക്ക് (മത്താ.28:16-20, മർക്കോ.16:14-20, ലൂക്കോ.24:33-52, അപ്പൊ.1:3-12).

11. അപ്പൊ.1:3-12 സ്വർഗ്ഗാരോഹണ സമയത്ത്

12.അപ്പൊസ്തലനായിരിക്കുന്ന പൗലൊസിന് അപ്പൊ. 9:3-6, 1 കൊരി.15:8

13. സ്തേഫാനോസിന് അപ്പൊ.7:55

14.പൗലൊസപ്പൊസ്തലന് ദേവാലയത്തിൽ അപ്പൊ. 22:17-21, 23:11

15.പത്മോസിൽ യോഹന്നാൻ അപ്പൊസ്തലന് വെളി. 1:10-19

**നമ്മുടെ പുനരുത്ഥാനശരീരം യേശുവിന്റെ ശരീരത്തോട് അനുരൂപമാകും. സഭ ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലാണ് സ്ഥാപിതമായിരിക്കുന്നത്. കൺഫ്യൂഷസിന്റെയും ബുദ്ധന്റെയും മുഹമ്മദിന്റെയും മറ്റെല്ലാ കല്ലറകളിലും മൃതശരീരമൊ അവശിഷ്ടങ്ങളൊ മറ്റെന്തെങ്കിലും ഉണ്ട്. ക്രിസ്തുവിന്റെ മാത്രം കല്ലറ ശൂന്യമായിരുന്നു. അവൻ മരിച്ചിട്ട് മൂന്നാം ദിവസം മുതൽ ഇന്നുവരെയും.**

# മഹോപദ്രവകാലം
# GREAT TRIBULATION PERIOD

(3-ാം പേജിൽ നിന്നും തുടർച്ച)

നിത്യജീവനായി, രക്ഷയ്ക്കായി എല്ലാ കൃപാവരങ്ങളും ഉണ്ടായിരുന്ന, സ്വർഗ്ഗത്തിന്റെ പല തട്ടുകൾ കയറിയിട്ടുള്ള (2 കൊരി.12:1-10) അപ്പൊസ്തലൻ, ഭയത്തോടും വിറയലോടുംകൂടി, പ്രവർത്തിച്ചുവെങ്കിൽ, നാമോരോരുത്തരും എത്രയധികമായി മാനസാന്തരത്തിന്റെ ഫലങ്ങൾ ജാഗ്രതയോടുകൂടി പുറപ്പെടുവിക്കേണ്ടിയിരിക്കുന്നു. നിത്യജീവനായി. വീണ്ടും എഴുതട്ടെ, ഇതാണ് സത്യദൈവശാസ്ത്രം.

**പ്രവൃത്തിയാലല്ല നിത്യജീവൻ, പക്ഷെ രക്ഷയ്ക്കായി പ്രവർത്തിക്കണം**

ഇക്കാര്യത്തിൽ, അതായത് പ്രവൃത്തിയാലല്ല നിത്യജീവൻ എന്നും എന്നാൽ രക്ഷയ്ക്കായി വിശുദ്ധിയും വേർപാടുമെടുത്തും ദാഹജലം ആവശ്യംപോലെ പാനം ചെയ്യേണ്ടതുമുണ്ട് എന്ന കാര്യത്തിലും സംശയം വേണ്ട. അതുതന്നെയാണ് പരമമായ സത്യം. "കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്: അതിനും നിങ്ങളും കാരണമല്ല; ദൈവത്തിന്റെ ദാനമത്രേ ആകുന്നു. ആരും പ്രശംസിപ്പാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല'' (എഫേ.2:8,9). ഈ വക്രതയുള്ള തലമുറയുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്ക്കാരിക-മതാത്മക-രാഷ്ട്രീയ-വിദ്യാഭ്യാസങ്ങളോട് അലിഞ്ഞുചേരുന്ന സംവിധാനങ്ങളിൽ നിന്നും മാറി നിന്നല്ലാതെ, രക്ഷയുടെയും നിത്യജീവന്റെയും സ്വാദ് ലഭിക്കുകയില്ല. "ഈ വക്രതതയുള്ള തലമുറയിൽ നിന്ന് രക്ഷിക്കപ്പെടുവിൻ" (അപ്പൊ.2:40). വക്രതയുള്ള തലമുറയിൽ നിന്ന് മാറി നിൽക്കുക എന്നതാണ് പ്രവൃത്തി.

**എങ്കിൽ, ദാഹിക്കുകയില്ല**

വക്രതയുള്ള തലമുറയോട് വിശുദ്ധിയും വേർപാടുമെടുത്തവർ സഹകരിച്ച് നിൽക്കുന്തോറും അവർക്ക് ഈ ലോക സുഖഭോഗങ്ങളോട് ദാഹാർത്തിയുണ്ടായിക്കൊണ്ടിരിക്കും. യേശുക്രിസ്തു കൊടുക്കുന്ന വെള്ളം കുടിച്ചാലെ നമ്മുടെ ദാഹം തീർത്തും തീരുകയുള്ളു. ആ ജലം വചനമാണ്, ആത്മാവാണ്, കൃപയാണ്. കൃപയ്ക്കുമുകളിൽ കൃപയാണ്. "ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനൊ ഒരുനാളും ദാഹിക്കുകയില്ല; ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്ക് പൊങ്ങിവരുന്ന നീരുറവയായിത്തീരും" (യോഹ.4:13,14). യേശു നൽകുന്ന ജലം എന്നും കുടിച്ചുകൊണ്ടിരിക്കണം. "ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശു, നിന്നുകൊണ്ട്: ദാഹിക്കുന്നവനെല്ലാം എന്റെയടുക്കൽ വന്ന് കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്ത് പറയുന്നതുപോലെ ജീവജലത്തിന്റെ നദികളൊഴുകുമെന്ന് വിളിച്ചു പറഞ്ഞു. അവൻ ഇത് തന്നിൽ വിശ്വസിക്കാനുള്ളവർക്ക് ലഭിപ്പാനുള്ള ആത്മാവിനെക്കുറിച്ചാകുന്നു പറഞ്ഞത് യേശു അന്ന് തേജസ്ക്കരിക്കപ്പെട്ടിട്ടില്ലായ്കയാൽ ആത്മാവ് വന്നിട്ടില്ലായിരുന്നു" (യോഹ.7:37,38,39). ജീവജലത്തിന്റെ അരുവിയിൽ നിന്ന് എപ്പോഴും കുടിച്ചുകൊണ്ടിരുന്നാലേ രക്ഷയും നിത്യജീവന്റെ അനുഭവവും നിലനിർത്താൻ കഴിയുകയുള്ളു എന്ന് യോഹന്നാൻ അപ്പൊസ്തലൻ വീണ്ടും പറയുന്നത് കേൾക്കുന്നുണ്ടല്ലൊ, അല്ലേ?

**ക്രിസ്തുവിൽ നിന്ന് കുടിക്കണം**

"അവരെ അനുഗമിച്ച ആത്മീകപാറയിൽ നിന്നല്ലൊ അവർ കുടിച്ചത്, ആ പാറ ക്രിസ്തുവായിരുന്നു" (1 കൊരി.10:4). ക്രിസ്തുവാകുന്ന പാറയിൽ നിന്ന് വചനവും ആത്മാവുമാകുന്ന ജലം കുടിച്ചുകൊണ്ടേയിരിക്കണം. ചിലർ ക്രിസ്തുവല്ലാത്ത വേറെ പാറയിൽനിന്ന് കുടിക്കും. അവരാണ് ദുരുപദേഷ്ടാക്കന്മാരായിത്തീരുന്നത്. 2 പത്രൊ.2:1-3 "എന്നാൽ കള്ളപ്രവാചകന്മാരും ജനത്തിന്റെയിടയിലുണ്ടായിരുന്നു. അങ്ങനെ നിങ്ങളുടെയിടയിലും ദുരുപദേഷ്ടാക്കന്മാരുണ്ടാകും; അവർ നാശകരമായ മതഭേദങ്ങളെ നുഴയിച്ച് തങ്ങളെ വിലയ്ക്കു വാങ്ങിയ നാഥനെ തള്ളിപ്പറഞ്ഞു, തങ്ങൾക്കുതന്നെ ശീഘ്രനാശം വരുത്തും. അവരുടെ ദുഷ്ക്കാമപ്രവൃത്തികളെ പലരും അനുകരിക്കും. അവർ നിമിത്തം സത്യമാർഗ്ഗം ദുഷിക്കപ്പെടും. അവർ ദ്രവ്യാഗ്രഹത്തിൽ കൗശലവാക്ക് പറഞ്ഞ് നിങ്ങളെ വാണിഭമാക്കും. അവർക്ക് പൂർവ്വകാലം മുതൽ ന്യായവിധി താമസിയാതെ വരുന്നു; അവരുടെ നാശം ഉറങ്ങുന്നതുമില്ല." 2 പത്രൊ.2:17-ൽ "അവർ വെള്ളമില്ലാത്ത കിണറുകളും കൊടുങ്കാറ്റുകൊണ്ട് ഓടുന്ന മഞ്ഞുമേഘങ്ങളുമാകുന്നു". ജീവജലത്തിന്റെ ഉറവയ്ക്കരികിൽ നിന്നും മാറിപ്പോകുന്നവർക്കൊക്കെ ദാഹിച്ചുകൊണ്ടിരിക്കും എന്നും

# മഹോപദ്രവകാലം
# GREAT TRIBULATION PERIOD

പറഞ്ഞുവെച്ചിരിക്കുന്നു.

ക്രിസ്തുവാകുന്ന പാറയിൽ നിന്നും വചനമാകുന്ന ജീവജലം പതിവായി സ്വീകരിക്കുന്നവർക്ക് മാത്രമെ ക്രിസ്തുവിന്റെ രണ്ടാംവരവിന്റെ സത്യവചനങ്ങൾ കുറിച്ചാൽ, അവയൊക്കെ വരുവാനിരിക്കുന്ന സത്യങ്ങളാണെന്ന് തിരിച്ചറിയാൻ പറ്റൂ എന്നറിയിക്കാനാണ് ഇത്രയും എഴുതിയത്.

**സുപ്രധാന വചനാശയങ്ങൾ**

താഴെ പറയുന്നവയാണ് ക്രിസ്തുവിന്റെ രണ്ടാംവരവ് എന്ന വിഷയത്തിലെ സുപ്രധാന വിഭജനങ്ങൾ

1. യേശുക്രിസ്തുവിന്റെ മേഘപ്രത്യക്ഷതയും സഭയുടെ ഉൾപ്രാപണവും
2. മഹാകഷ്ടകാലം
3. മനുഷ്യവർഗ്ഗത്തിന്റെ വിഭജനവും സാത്താന്യത്രിത്വവും
4. ഹർമ്മഗെദ്ദോൻ യുദ്ധം
5. ക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷത
6. സഹസ്രാബ്ദയുഗം
7. ഗോഗ് മാഗോഗ് യുദ്ധം
8. വെള്ളസിംഹാസന ന്യായവിധി
9. പുതുവാനഭൂമിയും പുതിയ യെരൂശലേമും നിത്യതയും

**1. യേശുക്രിസ്തുവിന്റെ മേഘപ്രത്യക്ഷതയും സഭയുടെ ഉൾപ്രാപണവും**

"ഒരിയ്ക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കയാൽ ക്രിസ്തുവും അങ്ങനെതന്നേ അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിയ്ക്കൽ അർപ്പിക്കപ്പെട്ടു. തനിക്കായ് കാത്തുനിൽക്കുന്നവരുടെ രക്ഷയ്ക്കായി അവൻ പാപം കൂടാതെ രണ്ടാമത് പ്രത്യക്ഷനാകും" (എബ്രാ.9:27,28) എന്ന തിരുവചനം ക്രിസ്തുവിന്റെ രണ്ടാംവരവിനെ സാക്ഷ്യപ്പെടുത്തുന്നു. 1 തെസ്സ.4:16,17 വാക്യങ്ങളും ക്രിസ്തുവിന്റെ രണ്ടാംവരവിന്റെ പ്രത്യക്ഷസാക്ഷ്യം തന്നെ. "കർത്താവുതാൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും, പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടൊരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടു കൂടെയിരിക്കും."

പുതിയനിയമത്തിലെ മിക്കഗ്രന്ഥങ്ങളിലും യേശുവിന്റെ രണ്ടാം വരവിനെ പ്രാധാന്യത്തോടെ എടുത്തുപറഞ്ഞിട്ടുണ്ട്.

**മത്തായി പറഞ്ഞതിൽ പ്രധാനപ്പെട്ടവ**

മത്താ.16:27- "മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരുമായി വരും; അപ്പോൾ അവൻ ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്ക് തക്കവണ്ണം പകരം നൽകും." മത്താ.24:36,37-"ആ നാളും നാഴികയും സംബന്ധിച്ചൊ എന്റെ പിതാവ് മാത്രമല്ലാതെ ആരും, സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനുംകൂടെ അറിയുന്നില്ല. നോഹയുടെ കാലംപോലെ തന്നെ മനുഷ്യപുത്രന്റെ വരവും ആകും."

**മർക്കോസ്**

"അപ്പോൾ മനുഷ്യപുത്രൻ വലിയ ശക്തിയോടും തേജസ്സോടുംകൂടെ മേഘങ്ങളിൽ വരുന്നത് അവർ കാണും. അന്ന് അവൻ തന്റെ ദൂതന്മാരെ അയച്ച്, തന്റെ വൃതന്മാരെ ഭൂമിയുടെ അറുതി മുതൽ ആകാശത്തിന്റെ അറുതി വരെയും നാല് ദിക്കിൽനിന്നും കൂട്ടിച്ചേർക്കും" (മർക്കോ.13:26,27).

**ലൂക്കോസ്**

"അവർ ഇത് കേട്ടുകൊണ്ടിരിക്കുമ്പോൾ, അവൻ യെരുശലേമിന് സമീപിച്ചിരിക്കയാലും ദൈവരാജ്യം ക്ഷണത്തിൽ വെളിപ്പെടുമെന്ന് അവർക്ക് തോന്നുകയാലും അവൻ ഒരു ഉപമയുംകൂടെ പറഞ്ഞത് എന്തെന്നാൽ, കുലീനനായ ഒരു മനുഷ്യൻ രാജത്വം പ്രാപിച്ച് മടങ്ങിവരേണം എന്നുവെച്ച് ദൂരദേശത്തേക്ക് യാത്ര പോയി" (ലൂക്കോ.19:11,12).

**യോഹന്നാൻ**

"നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്; ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്; ഇല്ലെങ്കിൽ ഞാൻ നിങ്ങളോട് പറയുമായിരുന്നു. ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു, ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്നയിടത്ത് നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെയടുക്കൽ

# മഹോപദ്രവകാലം
# GREAT TRIBULATION PERIOD

ചേർത്തുകൊള്ളും" (യോഹ.14:1,2,3).

**അപ്പൊസ്തലപ്രവൃത്തികൾ (ലൂക്കോസ്)**

"ഗലീലാ പുരുഷന്മാരെ നിങ്ങൾ ആകാശത്തിലേയ്ക്ക് നോക്കിനിൽക്കുന്നതെന്ത്? നിങ്ങളെ വിട്ട് സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്ക് പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നെ അവൻ വീണ്ടുംവരും, എന്നു പറഞ്ഞു" (1:11).

**റോമാ ലേഖനം**

"ജാതികളുടെ പൂർണ്ണസംഖ്യ ചേരുവോളം യിസ്രയേലിന് അംശമായി കാഠിന്യം ഭവിച്ചിരിക്കുന്നു. കാണേണ്ടത് കാണുവാൻ കഴിയാത്ത ഒരു അന്ധതയാണ് യിസ്രയേലിന് പിടിച്ചത്. കാഠിന്യം ഭവിച്ചിരിക്കുന്നു" (11:25, 11:8).

**കൊരിന്ത്യലേഖനം**

"അങ്ങനെ നിങ്ങൾ ഒരു കൃപാവരത്തിലും കുറവില്ലാത്തവരായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷത കാത്തിരിക്കുന്നു" (1:7) "അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവ് വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു" (11:26).

"ഓരോരുത്തനും താന്താന്റെ നിരയിലത്രേ; ആദ്യഫലം ക്രിസ്തു, പിന്നെ ക്രിസ്തുവിനുള്ളവർ അവന്റെ വരവിങ്കൽ; പിന്നെ അവസാനം" (15:23).

**ഫിലിപ്യലേഖനം**

"നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിലാകുന്നു; അവിടെനിന്ന് കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്ന് നാം കാത്തിരിക്കുന്നു" (3:20).

**കൊലോസ്യലേഖനം**

"നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ വെളിപ്പെടും" (3:4).

**2 തെസ്സ.1:6,7**

"കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി, സ്വർഗ്ഗത്തിൽ നിന്ന് അഗ്നിജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കും"

**1 തിമൊത്തി**

"നീ നിഷ്ക്കളങ്കനും നിരപരാധ്യനുമായി ഈ കല്പന നമ്മുടെ കർത്താവായ യേശുവിന്റെ പ്രത്യക്ഷത വരെ പ്രമാണിച്ചുകൊള്ളേണം എന്നിങ്ങനെ സകലത്തെയും ജീവിപ്പിക്കുന്ന ദൈവത്തെയും.........." (6:13).

**2 തിമൊത്തി**

"ഞാൻ നല്ല പോർ പൊരുതു; ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു. അത് നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്ക് നൽകും; എനിക്കുമാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയം വെച്ച ഏവർക്കും കൂടെ" (4:7,8).

**തീത്തോസ്**

"നാം ഭാഗ്യകരമായ പ്രത്യാശയ്ക്കായിട്ടും മഹാ ദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതയ്ക്കായിട്ടും കാത്തുകൊണ്ട് ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ട് ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവശക്തിയോടുംകൂടെ ജീവിച്ച് പോരേണ്ടതിന് അത് നമ്മെ ശിക്ഷിച്ച് വളർത്തുന്നു" (2:12,13).

**എബ്രായലേഖനം**

"ക്രിസ്തുവും അങ്ങനെതന്നെ. അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കലർപ്പിക്കപ്പെട്ടു, തനിക്കായ് കാത്തുനിൽക്കുന്നവരുടെ രക്ഷയ്ക്കായി അവൻ പാപംകൂടാതെ രണ്ടാമത് പ്രത്യക്ഷനാകും" (9:28).

**യാക്കോബ്**

"എന്നാൽ സഹോദരന്മാരെ, കർത്താവിന്റെ പ്രത്യക്ഷത വരെ ദീർഘക്ഷമയോടെ ഇരിപ്പിൻ; കൃഷിക്കാരൻ ഭൂമിയുടെ വിലയേറിയ ഫലത്തിന് കാത്തുകൊണ്ട് മുൻമഴയും പിൻമഴയും അതിന് കിട്ടുവോളം ദീർഘക്ഷമയോടെ ഇരിക്കുന്നുവല്ലൊ"

**1 യോഹന്നാൻ**

"അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താനിരിക്കുമ്പോലെ തന്നെ കാണുന്നതാകകൊണ്ട് അവനോട് സദൃശന്മാരാകുമെന്ന് നാമറിയുന്നു. അവനിൽ ഈ

# മഹോപദ്രവകാലം
# GREAT TRIBULATION PERIOD

പ്രത്യാശയുള്ളവൻ എല്ലാം അവൻ നിർമ്മലനായിരിക്കുന്നതുപോലെ തന്നെത്തന്നെ നിർമ്മലീകരിക്കുന്നു'' (1 യോഹ.3:2,3).

## വെളിപ്പാട് പുസ്തകം

1:7 – "ഇതാ അവൻ മേഘാരൂഢനായി വരുന്നു; ഏത് കണ്ണും, അവനെ കുത്തിത്തുളച്ചവരും അവനെ കാണും; ഭൂമിയിലെ ഗോത്രങ്ങളൊക്കെയും അവനെച്ചൊല്ലി വിലപിക്കും; ഉവ്വ്, ആമേൻ." 4:1–"അനന്തരം സ്വർഗ്ഗത്തിൽ ഒരു വാതിൽ തുറന്നിരിക്കുന്നത് ഞാൻ കണ്ടു. കാഹളനാദംപോലെ എന്നോട് സംസാരിച്ചുകേട്ട ആദ്യത്തെ ശബ്ദം എന്നോട്: ഇവിടെ കയറിവരിക; മേലാൽ സംഭവിപ്പാനുള്ളത് ഞാൻ നിനക്ക് കാണിച്ചുതരാം.'' വെളി.6:1,2 – ''കുഞ്ഞാട് മുദ്രകളിലൊന്ന് പൊട്ടിച്ചപ്പോൾ : നീ വരിക എന്ന് നാല് ജീവികളിൽ ഒന്ന് ഇടിമുഴക്കംപോലെ പറയുന്നത് ഞാൻ കേട്ടു. അപ്പോൾ ഞാൻ ഒരു വെള്ളക്കുതിരയെ കണ്ടു; അതിന്മേലിരിക്കുന്നവന്റെ കയ്യിൽ ഒരു വില്ലുണ്ട്; അവനൊരു കിരീടവും ലഭിച്ചു; അവൻ ജയിക്കുന്നവനായും ജയിപ്പാനായും പുറപ്പെട്ടു."

വെളി.19:11–13 – "അനന്തരം സ്വർഗ്ഗം തുറന്നിരിക്കുന്നത് ഞാൻ കണ്ടു; ഒരു വെള്ളക്കുതിര പ്രത്യക്ഷമായി; അതിന്മേലിരിക്കുന്നവന് വിശ്വസ്തനും സത്യവാനും എന്നു പേർ. അവൻ നീതിയോടെ വിധിക്കുകയും പോരാടുകയും ചെയ്യുന്നു. അവന്റെ കണ്ണ് അഗ്നിജ്വാല, തലയിൽ അനേകം രാജമുടികൾ; എഴുതിയിട്ടുള്ള ഒരു നാമവും അവനുണ്ട്. അത് അവനല്ലാതെ ആർക്കും അറിഞ്ഞുകൂടാ. അവൻ രക്തം തളിച്ച ഉടുപ്പ് ധരിച്ചിരിക്കുന്നു. അവന് ദൈവവചനം എന്ന് പേർ പറയുന്നു."

## യേശുക്രിസ്തുവിന്റെ മടങ്ങിവരവ് ഒരു യാഥാർത്ഥ്യം

വചനത്തെ തെറ്റായി വ്യാഖ്യാനിക്കുന്നവർ ഏതൊരു കാലത്തും ഉണ്ടായിട്ടുണ്ട്. പരിശുദ്ധാത്മാവിന്റെ മാളികമുറിയിലെ അവരോഹണം (അപ്പൊ.2:1–4) കർത്താവിന്റെ വരവായിരുന്നു എന്ന് ഒരു കൂട്ടർ തെറ്റിദ്ധരിച്ച് പ്രചരിപ്പിച്ചിട്ടുണ്ട്. എ.ഡി 70–ലെ യെരൂശലേമിന്റെ നാശം കർത്താവിന്റെ മടങ്ങിവരവായി ധരിച്ചവർക്കും തെറ്റുപറ്റി. അതുപോലെ തന്നെ മത്താ.18:20–ൽ രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നിടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട് എന്നു പറഞ്ഞതിനെയും കർത്താവിന്റെ മടങ്ങിവരവായി തെറ്റിദ്ധരിച്ചവരുണ്ട്. അത് ആത്മാവായ ദൈവത്തിന്റെ സാന്നിധ്യത്തെ സൂചിപ്പിക്കുന്ന വചനമാണ്. അല്ലാതെ ഒരിയ്ക്കലും ക്രിസ്തുവിന്റെ രണ്ടാമത്തെ വരവല്ല. ക്രിസ്തു ദൈവമാണെന്ന് നിഷേധിക്കുന്നവരുണ്ടല്ലോ. അവർ ക്രിസ്തുവിന്റെ രണ്ടാംവരവിനെയും നിഷേധിക്കാതിരിക്കില്ലല്ലോ. ഹുമനിയോസും ഫിലേത്തോസും (2 തിമൊ.2:18) സത്യം വിട്ട് തെറ്റിയവരായിരുന്നു. യഹോവാസാക്ഷികൾ മുഴുവന്റെയും വിശ്വാസവും പ്രചരിപ്പിക്കലും അർബുധ വ്യാധിപോലെ (2 തിമൊ.2:17) ലോകത്തിൽ ഇന്ന് പരക്കുന്നുണ്ട്. ബൈബിൾ പാണ്ഡിത്യം അശേഷമില്ലാത്ത ജനലക്ഷങ്ങളെ യഹോവാസാക്ഷികളെപ്പോലെയുള്ള കൾട്ട് വാദികൾ ദൈവരാജ്യത്തിൽ നിന്നും ബഹുദൂരം കൊണ്ടുപോകുന്നുണ്ട്. എബ്രാ.10:37 – "ഇനി എത്രയും അല്പകാലം കഴിഞ്ഞിട്ട് വരുവാനുള്ളവൻ വരും. താമസിക്കുകയുമില്ല."

## ബൈബിളിലെ പ്രവചനവും യുഗാന്ത്യചിത്രീകരണവും

പഴയനിയമത്തിൽ 17 പുസ്തകങ്ങളും പുതിയനിയമത്തിൽ വെളിപാട് പുസ്തകവും പ്രവചനഗ്രന്ഥങ്ങളാണ്. ഏശയ്യാവ് മുതൽ മലാഖി വരെ പ്രവചനഗ്രന്ഥങ്ങളാണ്, പഴയനിയമത്തിൽ. ദൈവംതന്നെയാണ് പ്രവചനത്തിന്റെ ഉറവിടം. ചിലർ വിശ്വസിക്കുന്നില്ലെന്നോർത്ത്, ദൈവത്തിന്റെ വിശ്വസ്തതയ്ക്ക് മാറ്റം വരികയില്ല. ദൈവം സത്യവാൻ (റോമ.3:4). ''ചിലർ വിശ്വസിച്ചില്ല എങ്കിൽ അവരുടെ അവിശ്വാസത്താൽ ദൈവത്തിന്റെ വിശ്വസ്തക്ക് നീക്കം വരുമോ? ഒരു നാളും ഇല്ല" (റോമ.3:3). "വ്യാജം പറവാൻ ദൈവം മനുഷ്യനല്ല; അനുതപിപ്പാൻ അവൻ മനുഷ്യപുത്രനുമല്ല. താൻ കല്പിച്ചത് ചെയ്യാതിരിക്കുമോ? താൻ അരുളിച്ചെയ്തത് നിവർത്തിക്കാതിരിക്കുമോ?'' (സംഖ്യാ.23:19). "ഞാനല്ലാതെ വേറൊരു ദൈവമില്ല. ഞാൻ തന്നെ ദൈവം (ത്രീയേകദൈവം). എന്നേപ്പോലെ ഒരുത്തനുമില്ല. ആരംഭത്തിങ്കൽ തന്നെ അവസാനവും പൂർവ്വകാലത്തുതന്നെ മേലാൽ സംഭവിപ്പാനുള്ളതും ഞാൻ പ്രസ്താവിക്കുന്നു; എന്റെ ആലോചന നിവർത്തിയാകും. ഞാൻ എന്റെ താല്പര്യമൊക്കെയും അനുഷ്ഠിക്കും എന്ന് ഞാൻ പറയുന്നു" (യെശ.46:9,10).

# മഹോപദ്രവകാലം
# GREAT TRIBULATION PERIOD

"ഞാൻ ദൈവം തന്നെ. ഇന്നും ഞാൻ അനന്യൻ തന്നെ; എന്റെ കയ്യിൽ നിന്ന് വിടുവിക്കുന്നവൻ ആരുമില്ല; ഞാൻ പ്രവർത്തിക്കും; ആർ തടുക്കും"? (യെശ.43:13).

**പഴയനിയമത്തിൽ യുഗാന്ത്യദർശനം**

അബ്രഹാമിന്റെ വിളി മുതൽ ഭാവിയെ ലക്ഷ്യമാക്കിയുള്ള യിസ്രയേല്യ വിശ്വാസം പഴയനിയമത്തിൽ കാണാം. ഞാൻ നിന്നെ വലിയൊരു ജനതയാക്കുമെന്ന് അബ്രഹാമിനോട് പറഞ്ഞത് (ഉല്പ.12:2) ഭാവിയിൽ ചെയ്യാനിരിക്കുന്ന ഒരു പ്രവചനമായിരുന്നല്ലൊ. പിന്നീട് അങ്ങനെ ആക്കുകയും ചെയ്തല്ലൊ. "നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും" (ഉല്പ.12:3) എന്ന് പറഞ്ഞത് ക്രിസ്തുവിനാൽ അനുഗ്രഹിക്കപ്പെടുമെന്നു മാണല്ലൊ. അതൊക്കെ യുഗാന്ത്യപരമായി ഇനിയും സംഭവിപ്പാനിരിക്കുന്നു. ഒരു ന്യായനിധിയുടെ കുഴപ്പമെന്നതിനെക്കാൾ അധികമായി, രക്ഷയുടെയും നിത്യതയുടെയും അനുഭവത്തിലേക്ക് കോടാനുകോടികൾ എത്തുവാൻ പോകുന്ന കാലവും കൂടിയാണ് ലോകാവസാനമെന്നൊക്കെ പറയുന്നത്. ന്യായവിധിക്ക് തൊട്ടുമുമ്പുള്ള മഹാപീഡന കാലത്തും, സഹസ്രാബ്ദയുഗത്തിലേക്കടുക്കുന്ന സമയത്തും, ജാതികൾ യിസ്രയേലിന്റെ ദൈവത്തെ തീർച്ചയായും ആരാധിക്കാനിടയാകും. "അന്ത്യകാലത്ത് യഹോവയുടെ ആലയമുള്ള പർവ്വതം, പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും കുന്നുകൾക്കുമീതെ ഉന്നതവുമായിരിക്കും" (യെശ.2:2). "ആ കാലത്ത് യെരുശലേമിന് യഹോവയുടെ സിംഹാസനം എന്ന് പേരാകും; സകല ജാതികളും അവിടേക്ക്, യെരുശലേമിലേക്ക് തന്നെ, യഹോവയുടെ നാമം നിമിത്തം വന്നുചേരും. തങ്ങളുടെ ദുഷ്ടഹൃദയത്തിന്റെ ശാഠ്യപ്രകാരം ഇനി നടക്കുകയുമില്ല." "ആ കാലത്ത് യഹൂദാഗൃഹം യിസ്രയേൽഗൃഹത്തോട് ചേർന്ന് അവർ ഒന്നിച്ച് വടക്കേ ദിക്കിൽ നിന്ന് പുറപ്പെട്ട് ഞാൻ നിങ്ങളുടെ പിതാക്കന്മാർക്ക് അവകാശമായി കൊടുത്ത ദേശത്തേക്ക് വരും" (യിര.3:17,18).

**മൃഗങ്ങളുടെ സ്വഭാവം മാറും**

മനുഷ്യകുലത്തിൽ മാത്രമല്ല, മൃഗങ്ങളുടെയിടയിലും ഈ കാലത്ത് സമാധാനം നിലനിൽക്കും. "ചെന്നായ് കുഞ്ഞാടിനോടുകൂടി പാർക്കും. പുള്ളിപ്പുലി കോലാട്ടുകുട്ടിയോടുകൂടെ കിടക്കും. പശുക്കിടാവും ബാലസിംഹവും തടിപ്പിച്ച മൃഗവും ഒരുമിച്ച് പാർക്കും; ഒരു ചെറിയ കുട്ടി അവയെ നടത്തും. പശു കരടിയോടുകൂടെ മേയും. അവയുടെ കുട്ടികൾ ഒരുമിച്ച് കിടക്കും. സിംഹം കാളയെന്നപോലെ വൈക്കോൽ തിന്നും. മുലകുടിക്കുന്ന ശിശു സർപ്പത്തിന്റെ പോതിങ്കൽ കളിക്കും; മുലകുടി മാറിയ പൈതൽ അണലിയുടെ പൊത്തിൽ കയ്യിടും" (യെശ.11:6–8).

യുഗാന്ത്യകാലത്ത്, ദൈവജനത്തിന് ഐശ്വര്യം കൂടുതൽ വർദ്ധിക്കുമെന്നാണ് മീഖാ പ്രവചനം. "അവർ ഓരോരുത്തൻ താന്താന്റെ മുന്തിരിവള്ളിയുടെ കീഴിലും അത്തിവൃക്ഷത്തിന്റെ കീഴിലും പാർക്കും. ആരും അവരെ ഭയപ്പെടുത്തുകയില്ല; സൈന്യങ്ങളുടെ യഹോവയുടെ വായ് അതരുളിച്ചെയ്തിരിക്കുന്നു.

ഇനി പറയുവാനുള്ളത് ഏറ്റവും വലിയ കാര്യമാണ്. ദൈവത്തിന്റെ കല്പനകളും വചനങ്ങളും അവരുടെ ഹൃദയങ്ങളിൽ തന്നെ അക്കാലത്ത് എഴുതപ്പെടും." "ഞാൻ യിസ്രയേൽഗൃഹത്തോടും യഹൂദാഗൃഹത്തോടും പുതിയൊരുനിയമം ചെയ്യുന്ന കാലം വരുമെന്ന് യഹോവയുടെ അരുളപ്പാട്, ഞാൻ അവരുടെ പിതാക്കന്മാരെ കയ്ക്കുപിടിച്ച് മിസ്രയീംദേശത്തുനിന്ന് കൊണ്ടുവന്ന നാളിൽ ഞാനവരോട് ചെയ്ത നിയമംപോലെയല്ല; ഞാൻ അവർക്ക് ഭർത്താവായിരുന്നിട്ടും അവർ എന്റെ നിയമം ലംഘിച്ചുകളഞ്ഞു എന്ന് യഹോവയുടെ അരുളപ്പാട്. എന്നാൽ ഈ കാലം കഴിഞ്ഞ ശേഷം ഞാൻ യിസ്രയേൽ ഗൃഹത്തോട് ചെയ്യുവാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു: ഞാൻ എന്റെ ന്യായപ്രമാണം അവരുടെയുള്ളിലാക്കി അവരുടെ ഹൃദയങ്ങളിലെഴുതും; ഞാൻ അവർക്ക് ദൈവമായും അവർ എനിക്ക് ജനമായും ഇരിക്കും എന്ന് യഹോവയുടെ അരുളപ്പാട്. ഇനി അവരിലാരും തന്റെ കൂട്ടുകാരനെയും തന്റെ സഹോദരനെയും യഹോവയെ അറിയുക എന്നുപദേശിക്കുകയില്ല; അവർ ആബാലവൃദ്ധം എല്ലാവരും എന്നെ അറിയും; ഞാൻ അവരുടെ അകൃത്യം മോചിക്കും; അവരുടെ പാപം ഇനി ഓർക്കുകയുമില്ല എന്ന് യഹോവയുടെ അരുളപ്പാട്" (യിര.31:31–34). യെഹ.36:26,27–ൽ അത് തന്നെ നമുക്ക് കാണാം. "ഞാൻ നിങ്ങൾക്ക് പുതിയൊരു ഹൃദയം തരും. പുതിയൊരു ആത്മാവിനെ ഞാൻ

# മഹോപദ്രവകാലം
# GREAT TRIBULATION PERIOD

നിങ്ങളുടെയുള്ളിലാക്കും. കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽ നിന്ന് നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്ക് തരും. ഞാൻ എന്റെ ആത്മാവിനെ നിങ്ങളുടെയുള്ളിലാക്കി നിങ്ങളെ എന്റെ ചട്ടങ്ങളിൽ നടക്കുമാറാക്കും."

**ദാവീദ്- ദൈവപ്രതിനിധി**

"ഞാൻ ദാവീദിന് നീതിയുള്ളോരു മുളയായവനെ ഉത്ഭവിപ്പിക്കുന്ന കാലം വരും; അവൻ രാജാവായി വാണ്, ബുദ്ധിയോടെ പ്രവർത്തിച്ച് ദേശത്ത് നീതിയും ന്യായവും നടത്തും. അവന്റെ കാലത്ത് യഹൂദാ രക്ഷിക്കപ്പെടും; യിസ്രയേൽ നിർഭയമായി വസിക്കും. അവന് യഹോവ നമ്മുടെ നീതി എന്ന് പേർ പറയും എന്ന് യഹോവയുടെ അരുളപ്പാട്" (യിര.23:2-6) എന്ന വചനപ്രകാരം ദൈവത്തിന്റെ പ്രതിനിധി യായി ദാവീദ് അവരെ ഭരിക്കുമെന്നുതന്നെ പ്രതീക്ഷിക്കാം.

**പുതിയനിയമത്തിൽ**

1 പത്രൊ.1:20-"അവൻ ലോകസ്ഥാപനത്തിനുമുമ്പെ മുന്നറിയപ്പെട്ടവനും അവൻ മുഖാന്തരം ദൈവത്തിൽ വിശ്വസിക്കുന്ന നിങ്ങൾ നിമിത്തം ഈ അന്ത്യകാലത്ത് വെളിപ്പെട്ടവനുമാകുന്നു എന്ന വചനത്തോടൊപ്പം എബ്രാ.1-ലെ 1,2 വചനംകൂടി ചേർത്താൽ : "ദൈവം പണ്ട് ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോട് അരുളിച്ചെയ്തിട്ട് ഈ "അന്ത്യകാലത്ത്" പുത്രൻ മുഖാന്തരം നമ്മോട് അരുളിച്ചെയ്തിരിക്കുന്നു." ശരിക്കും അന്ത്യകാല ത്തിന്റെ ആരംഭം കുറിച്ചത് പുത്രന്റെ ജനനത്തോടെ ആണെന്ന് കരുതാം. 1 യോഹ.2:18-ൽ "കുഞ്ഞുങ്ങളെ, ഇത് അന്ത്യനാഴിക ആകുന്നു; എതിർക്രിസ്തു വരുന്നു എന്ന് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ." ഇവിടെ അന്ത്യനാഴിക എന്ന പ്രയോഗം കാണപ്പെടുന്നു.

പഴയനിയമ-പുതിയനിയമഭാഗങ്ങളെ പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും മനസ്സോടെ നാം പരിശോധിക്കുമ്പോൾ യുഗാന്ത്യം എന്നത് സംഭവിക്കുവാൻ ലോകസ്ഥാപനത്തിനുമുമ്പെ ത്രീയേകദൈവം, നിശ്ചയിച്ചിരുന്ന കാലത്തും സമയത്തും, അത് സംഭവിക്കുകതന്നെ ചെയ്യുമെന്ന് ഉറപ്പായിട്ടും വിശ്വസിക്കാം. "പിന്നെ അവസാനം; അന്ന് അവൻ എല്ലാ വാഴ്ച്ചയ്ക്കും അധികാരത്തിനും ശക്തിക്കും നീക്കം വരുത്തിയിട്ട് രാജ്യം പിതാവായ ദൈവത്തെ ഏല്പിക്കും. അവൻ സകല ശത്രുക്കളെയും കാൽക്കീഴിലാക്കുവോളം വാഴേണ്ടതാകുന്നു. ഒടുക്കത്തെ ശത്രുവായിട്ട് മരണം നീങ്ങിപ്പോകും" (1 കൊരി.15:24,25). അതായത് ക്രിസ്തുവിന് മുമ്പും പിമ്പും ഉള്ളതെല്ലാം ക്രിസ്തുവിലൂടെയും ക്രിസ്തുവിനോടൊത്തും "അത് സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ളതെല്ലാം പിന്നെയും ക്രിസ്തുവിലൊന്നാ യിച്ചേർക്കുക എന്നിങ്ങനെ കാലസമ്പൂർണ്ണതയിലെ വ്യവസ്ഥക്കായി കൊണ്ടുതന്നെ" എന്ന് എഫേ.1:9-ൽ പറയുംപോലെ എല്ലാം പൂർണ്ണതയുടെ പൂർണ്ണതയിലെത്തുക എന്നതാണ് ദൈവത്തിന്റെ പദ്ധതി.

**ദാനിയേലിന്റെ പ്രവചനം**

പഴയനിയമം യഹൂദന്റെ ചരിത്രമാണ്, ആ ജനതയുടെ രക്ഷയുടെ ഐതിഹാസിക ചരിത്രമാണ്. ഈ യഹൂദജാതിയിൽ നിന്നാണല്ലൊ, പുതിയനിയമസംസ്ക്കാരം ഉടലെടുത്തത്. യേശുക്രിസ്തുവും അതിന്റെ ബലമേറിയ ഒരു കണ്ണിയാണല്ലോ. ക്രിസ്തുവിനുമുമ്പ് അബ്രാഹവും മോശെയും, ദാനിയേലും, ദാവീദും ഇവരെല്ലാം വചനത്തിലൂടെ പ്രവചനങ്ങൾ നടത്തിയവരിൽ പെടുന്നു. യെരുശലേമിന്റെ പുതുക്കിപ്പണി മുതൽ മശിഹായുടെ ഭരണം വരെയുള്ള കാലയളവിനെ എഴുപത് ഏഴുകളായി ദാനിയേൽ കണ്ടു. "അതിക്രമത്തെ തടസ്സം ചെയ്ത് പാപങ്ങളെ മുദ്രയിടുവാനും അകൃത്യത്തിന് പ്രായശ്ചിത്തം ചെയ്ത് നിത്യനീതി വരുത്തുവാനും ദർശനവും പ്രവചനവും മുദ്രയിടുവാനും അതിപരിശുദ്ധമായതിനെ അഭിഷേകം ചെയ്യുവാനും തക്കവണ്ണം നിന്റെ ജനത്തിനും വിശുദ്ധനഗരത്തിനും എഴുപത് ആഴ്ചവട്ടം നിയമിച്ചിരിക്കുന്നു. അതുകൊണ്ട് നീ അറിഞ്ഞുഗ്രഹിച്ചുകൊള്ളേണ്ടതെന്തെന്നാൽ യെരൂശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിയുവാൻ കല്പന പുറപ്പെടുവി ക്കുന്നതുമുതൽ അഭിഷിക്തനായോരു പ്രഭു വരെ ഏഴ് ആഴ്ച വട്ടം. തുടർന്ന് അറുപത്തിരണ്ട് ആഴ്ചവട്ടംകൊണ്ട് അതിനെ വീഥിയും കിടങ്ങുമായി കഷ്ടകാലങ്ങളിൽതന്നെ വീണ്ടും പണിയും. അറുപത്തിരണ്ട് ആഴ്ചവട്ടം കഴിഞ്ഞിട്ട് അഭിഷിക്തൻ ഛേദിക്കപ്പെടും, തനിക്കുവേണ്ടിയല്ല താനും. പിന്നെ വരുവാനിരിക്കുന്ന പ്രഭുവിന്റെ പടജ്ജനം നഗരത്തെയും

# മഹോപദ്രവകാലം
# GREAT TRIBULATION PERIOD

വിശുദ്ധമന്ദിരത്തെയും നശിപ്പിക്കും; അവന്റെ അവസാനം ഒരു പ്രളയത്തോടെ ആയിരിക്കും; അവസാനത്തോളം യുദ്ധമുണ്ടാകും. ശൂന്യങ്ങളും നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. അവൻ ഒരാഴ്ചവട്ടത്തേക്ക് പലരോടും നിയമത്തെ കഠിനമാക്കും. ആഴ്ചവട്ടത്തിന്റെ മദ്ധ്യേ അവൻ ഹനനയാഗവും ഭോജനയാഗവും നിർത്തലാക്കിക്കളയും; മ്ലേച്ഛതകളുടെ ചിറകിൻമേൽ ശൂന്യമാക്കുന്നവൻ വരും: നിർണ്ണയിക്കപ്പെട്ടിരിക്കുന്ന സമാപ്തിയോളം ശൂന്യമാക്കുന്നവന്റെ മേൽ കോപം ചൊരിയും" (ദാനി.9:24-27).

**സഭായുഗം**

ആഴ്ചവട്ടം എന്നാൽ ഏഴുകൾ എന്നാണർത്ഥം. എഴുപത് ഏഴുകൾ. രണ്ട് പ്രഭുക്കന്മാരിൽ ആദ്യത്തേത് സെരുബാബേലാണെന്ന് ബൈബിൾ പണ്ഡിതന്മാർ അനുമാനിക്കുന്നു. രണ്ടാമത്തെ പ്രഭു യേശുക്രിസ്തു തന്നെ. 360 ദിവസങ്ങളുള്ള നാല്പത്തിരണ്ട് മാസത്തിന് 1260 ദിവസങ്ങളുണ്ടല്ലോ. എഴുപത് ആഴ്ചവട്ടം എന്നു പറയുമ്പോൾ നാല്പത്തിയൊമ്പത് വർഷങ്ങൾ, യെരുശലേം പുതുക്കിപ്പണിയുന്നതിന് എടുത്ത കാലഘട്ടം. 62 ആഴ്ചവട്ടം എന്നു പറയുമ്പോൾ അഭിഷിക്തൻ ഛേദിക്കപ്പെട്ടതോടെ എ.ഡി 34-ൽ പൂർത്തിയായി (യേശുവിന്റെ ക്രൂരമരണം). പിന്നെയുള്ള ഒരാഴ്ചവട്ടം മഹാപീഡനകാലമായി ഏഴ് വർഷമാണ് എന്നു കരുതാം. മഹാപീഡനത്തിന്റെ ഒടുവിൽ സഹസ്രാബ്ദയുഗം ആരംഭിക്കും. അതോടെ യഹൂദന്റെ യഥാസ്ഥാപനം പൂർണ്ണമാവുകയും ചെയ്യും.

ഇപ്പോൾ 69-നും 70-നും ഇടയ്ക്കുള്ള ഒരിടവേള ആണെന്നും അതാണ് സഭായുഗം അഥവാ കൃപായുഗമെന്നും വേദപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

**വെളിപാട് പുസ്തകം**

സഭാകാലവും, പീഡനകാലവും സഹസ്രാബ്ദ വാഴ്ചയും, ഗോഗ്-മാഗോഗ് യുദ്ധവും, അന്ത്യന്യായവിധിയും, പുതിയ ആകാശവും പുതിയഭൂമിയും ക്രമമനുസരിച്ച് വെളിപാട് പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ആദ്യത്തെ മൂന്ന് അദ്ധ്യായങ്ങളിൽ ഏഴ് സഭകൾക്കുള്ള ദൂതിൽ സഭായുഗത്തെ പ്രതിരൂപാത്മകമായി അവതരിപ്പിച്ചിട്ടുണ്ട്, വെളിപാട് പുസ്തകത്തിൽ. 2:25-ൽ "എങ്കിലും നിങ്ങൾക്കുള്ളത് ഞാൻ വരും വരെ പിടിച്ചുകൊൾവ്വിൻ എന്ന് ഞാൻ കല്പിക്കുന്നു" എന്നു പറഞ്ഞത് നാഥന്റെ രണ്ടാംവരവിനെപ്പറ്റിയാണ്. "നീ ഉണരാതിരുന്നാൽ ഞാൻ കള്ളനേപ്പോലെ വരും" എന്ന് 3:3-ൽ പറഞ്ഞുവല്ലൊ. 3:11-ൽ "ഞാൻ വേഗം വരുന്നു; നിന്റെ കിരീടം ആരും എടുക്കാതിരിപ്പാൻ തക്കവണ്ണം നിനക്കുള്ളത് പിടിച്ചുകൊൾക" എന്നു പറഞ്ഞതും അവിടുന്ന് വീണ്ടും വരുന്നു എന്നുതന്നെ.

വെളിപാട് പുസ്തകത്തിലെ 4-ഉം 5-ഉം അദ്ധ്യായങ്ങൾ സ്വർഗ്ഗത്തിലെ ദർശനമാണ്. 6 മുതൽ 19-വരെ യുള്ള 14 അദ്ധ്യായങ്ങളും മഹാപീഡനത്തെക്കുറിച്ചുള്ളവയാണ്. മത്താ.24-ലും മർക്കോ.13-ലും ഉള്ള ഒലിവുമല പ്രഭാഷണത്തിൽ കർത്താവ് പറഞ്ഞവയെയാണ് യോഹന്നാൻ പത്മോസിലിരുന്ന് ദർശനത്തിൽ കണ്ടതെന്ന് പറയാൻ പറ്റും. 19-ാം അദ്ധ്യായം അവസാനിക്കുന്നത് ഹർമ്മഗെദ്ദോൻ യുദ്ധ വർണ്ണനയോടെയാണ്. തുടർന്ന് 20-ാം അദ്ധ്യായത്തിൽ സഹസ്രാബ്ദ വാഴ്ചയെപ്പറ്റി വിശദീ കരിച്ചിരിക്കുന്നു. വെളി.20-ൽ തന്നെ 7 മുതൽ 10-വരെ വചനങ്ങളിൽ പ്രതിപാദിക്കപ്പെടുന്നത് ഗോഗ്-മാഗോഗ് യുദ്ധമാണ്; പിശാചിനെ ഗന്ധകപ്പൊയ്കയിലേയ്ക്ക് ഒടുവിൽ തള്ളിവിടുകയും ചെയ്തിരിക്കുന്നു. വെളി.20-ൽ 11 മുതൽ 15 വരെ അന്ത്യന്യായവിധിയും 21-ൽ പുതിയ ആകാശത്തെയും പുതിയ ഭൂമിയെയും ചിത്രീകരിച്ചിരിക്കുന്നു.

**ലോകാവസാനം**

നാം സാധാരണ പറയാറുള്ള വാക്കാണ് ലോകാവസാനമെന്നത്. മഹാപീഡനത്തിൽ സംഭവിപ്പാൻ പോകുന്നതിനെയാണ് ലോകാവസാനം എന്നു പറയുന്നത്.

**സഭയുടെ അന്ത്യനാളുകൾ**

വിശ്വാസത്യാഗത്തിന്റെ വർദ്ധനവ് സഭയുടെ അന്ത്യനാളിന്റെ ലക്ഷണമാണ്. ദൈവനിഷേധവും പ്രത്യേകിച്ച് ക്രിസ്തുനിഷേധവും വളരെ പ്രത്യേകിച്ച് പരിശുദ്ധാത്മാവു നൽകുന്ന വിശുദ്ധവെളിപാടുകളെ നിഷേധിക്കലും എല്ലാം ഉണ്ടാവും.

1 തിമൊ.4-ൽ 1,2 വാക്യങ്ങളിൽ പറയുന്നതുപോലെ, ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ച് ഭോഷ്ക്ക് പറയും. മറ്റുള്ളവരിലൂടെ തെറ്റായ

# മഹോപദ്രവകാലം
# GREAT TRIBULATION PERIOD

ദർശനങ്ങൾ പ്രാപിച്ച്, അച്ചടക്കവും സത്യസന്ധതയും വിശുദ്ധിയും ഉള്ള സഭകളിൽ നിന്ന് ചിലർ ചാടിപ്പോയി, ആത്മാക്കളെ നേടാൻ കഴിയാതെ ഉഴലുക തന്നെ ചെയ്യും. 2 തിമൊ.3-ൽ 2-മുതൽ 5-വരെ വചനങ്ങൾ കുറിയ്ക്കട്ടെ. "മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും, വമ്പ് പറയുന്നവരും, അഹങ്കാരികളും, ദൂഷകന്മാരും, അമ്മയപ്പന്മാരെ അനുസരിക്കാത്തവരും, നന്ദികെട്ടവരും, അശുദ്ധരും, വാത്സല്യമില്ലാത്തവരും, ഇണങ്ങാത്തവരും, ഏഷണിക്കാരും, അജിതേന്ദ്രിയന്മാരും, ഉഗ്രന്മാരും, സത്ഗുണദ്വേഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളുമായി, ദൈവപ്രിയമില്ലാതെ, ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ധരിക്കുന്നവരുമായിരിക്കും" (2 തിമൊ.3:2-5).

**സഭയുടെ ഉത്പ്രാപണം**

ഉത്പ്രാപാണമെന്നാൽ ഏറ്റവും മുകളിൽ എത്തിച്ചേരൽ എന്നാണ്. Rapture എന്നാണ് ഇംഗ്ലീഷ് വാക്ക്. ഒരിടത്തു നിന്ന് മറ്റൊരിടത്തേക്ക് ബലത്തോടെ മാറ്റുക എന്നാണ് ഉദ്ദേശിക്കുന്നത്. 1 തെസ്സ.4-ൽ 16-ഉം 17-ഉം വാക്യങ്ങളിൽ ഇക്കാര്യം വിശദീകരിച്ച കാര്യം ഈ വിഷയങ്ങൾ പ്രതിപാദിച്ചപ്പോഴൊക്കെ എഴുതിക്കഴിഞ്ഞതാണെങ്കിലും ഒരിക്കൽകൂടി എഴുതട്ടെ! "കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവരികയും, ക്രിസ്തുവിൽ മരിച്ചവർ മുമ്പെ, ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടൊരുമിച്ച്, ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും."

ക്രിസ്തുവിൽ മരിച്ചവരും ക്രിസ്തുവിൽ ജീവിച്ചിരിക്കുന്നവരും മാത്രമെ ഉത്പ്രാപണം പ്രാപിക്കൂ. എന്നാൽ നാനാജാതി മതസ്ഥരിലെ നല്ലവരും, സാമൂഹ്യ-സാംസ്ക്കാരിക പ്രവർത്തകരിലെ പ്രത്യേകിച്ച് ഭക്ഷണവും വസ്ത്രവും വീടുമൊക്കെ മറ്റുള്ളവർക്ക് സ്വന്തം നിലയിലും പിരിവെടുത്തും കൊടുക്കുന്നവരും, മരിച്ചുകഴിഞ്ഞ് ചില സഭാനേതാക്കന്മാർ പുണ്യവാന്മാരും പുണ്യവതികളുമായി പ്രഖ്യാപിക്കുന്നവരും ക്രിസ്തുവിന്റെ രണ്ടാംവരവിൽ ഉത്പ്രാപണം പ്രാപിക്കുമെന്ന് വിശ്വസിക്കുന്നവരും പഠിപ്പിക്കുന്നവരും അങ്ങനെ സംഭവിക്കുമെന്ന് കരുതുന്നവരുമുണ്ട്. രണ്ട് കൂട്ടർ മാത്രമെ ഉത്പ്രാപണം പ്രാപിക്കൂ. 1. ബൈബിൾ പറയുന്ന ക്രിസ്തുവിൽ വിശ്വസിച്ച് വചനത്തിൽ പറയുന്ന വിശുദ്ധിയും വേർപാടുമെടുത്ത് ജീവിക്കുന്നവരിൽ നിന്ന് മരിച്ചുപോയവരും. 2. ക്രിസ്തുവിന്റെ രണ്ടാം വരവിൽ ഒന്നാം നമ്പരിൽ പറഞ്ഞതുപോലെ ജീവിക്കുന്നവരും.

ബാക്കിയുള്ളവരൊക്കെയും അതായത്, വ്യത്യസ്ത പൗരോഹിത്യ പഠിപ്പിക്കലുകളനുസരിച്ച് ആചാരാനുഷ്ഠാനങ്ങളിൽ വിശ്വസിച്ച് കുടുങ്ങിക്കിടക്കുന്നവരും, കർമ്മങ്ങൾ ചെയ്ത് ഭേദപ്പെട്ട ജീവിതം നയിക്കുന്നവരെന്ന് വിചാരിക്കുന്നവരും മഹാപീഡനകാലത്തേക്ക് പ്രവേശിപ്പിക്കപ്പെടും.

"ഞാൻ ഒരു മർമ്മം നിങ്ങളോട് പറയാം. നാം എല്ലാവരും നിദ്രകൊള്ളുകയില്ല; എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്ന് കണ്ണിമയ്ക്കുന്നതിനിടയിൽ നാമെല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും; മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും" (1 കൊരി.15:52). തന്റെ സ്വന്തജനത്തെ, സ്വർഗ്ഗീയവാസസ്ഥലത്തേക്ക് യേശുക്രിസ്തു കൊണ്ടുപോകും. "ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്നിടത്ത്, നിങ്ങളും ഇരിക്കേണ്ടതിന്, പിന്നെയും വന്ന് നിങ്ങളെ എന്റെയടുക്കൽ ചേർത്തുകൊള്ളും" (യോഹ.14:2,3). മരിച്ചവരിൽ നിന്നെടുക്കുന്നവരും ജീവിച്ചിരിക്കുന്നവരിൽ നിന്നെടുക്കുന്നവരും ചേർന്നതാണ് തന്റെ സഭ.

സഭയെ മദ്ധ്യാകാശത്തിങ്കൽവെച്ച് ക്രിസ്തു സ്വീകരിക്കും. അവളെ പിതാവിന്റെ മുമ്പിൽ കൊണ്ടുപോയി നിർത്തും. 1 തെസ്സ.3:13 - "ഇങ്ങനെ നമ്മുടെ കർത്താവായ യേശു തന്റെ സകല വിശുദ്ധന്മാരുമായി വരുന്ന പ്രത്യക്ഷതയിൽ നമ്മുടെ ദൈവവും പിതാവുമായവന്റെ മുമ്പാകെ വിശുദ്ധീകരണത്തിൽ അനിന്ദ്യരായി വെളിപ്പെടുംവണ്ണം നിങ്ങളുടെ ഹൃദയങ്ങളെ സ്ഥിരപ്പെടുത്തുകയും ചെയ്യുമാറാകട്ടെ".

**മൂന്ന് കാഹളങ്ങൾ**

1 തെസ്സ.4:16,17-ൽ പറഞ്ഞിരിക്കുന്ന മൂന്ന്

(ശേഷം 16-ാം പേജിൽ)

## പ്രാർത്ഥനാ സഹായങ്ങൾക്ക് വിളിക്കുക

# ദേവസ്യാ മുല്ലക്കര സാർ

# 9388371777, 9946635111

## സമയം: രാവിലെ 6 മുതൽ 9 വരെ

### പ്രാർത്ഥനാ സഹായങ്ങൾക്കും കത്തിടപാടുകൾക്കും

**എറണാകുളം അഡ്രസ്സ്:**

ദേവസ്യാ മുല്ലക്കര, കൂടാരം വില്ല,
ഹൗസ് നമ്പർ 70, പുളിക്കില്ലം
വെസ്റ്റ് റോഡ്, ചെമ്പുമുക്ക്,
കൊച്ചി-682 030.
കേരള, സൗത്ത് ഇന്ത്യ.

**ഹെഡ്ഡ് ഓഫീസ് അഡ്രസ്സ്:**

ദേവസ്യാ മുല്ലക്കര, PB.No.1
ചെറുപുഴ P.O
കണ്ണൂർ (ജില്ല), കേരളം.
പിൻകോഡ്: 670 511.

**e-mail: ekmoffice@gmail.com**
**our official website: www.churchofeternity.org**

## Cheque And Drafts ചെക്കുകളും ഡ്രാഫ്റ്റുകളും

**അയക്കേണ്ട വിലാസം:**

Devasia mullakkara
PB. No.1
Cherupuzha(P.O)
Kannur(Dist), Kerala
Pin Code: 670 511
Ph: 04985 213999

ദേവസ്യാ മുല്ലക്കര,
PB.No.1
ചെറുപുഴ P.O
കണ്ണൂർ (ജില്ല), കേരള.
പിൻകോഡ്: 670 511.
Ph: 04985-213999

മണിയോർഡറുകൾ അയക്കുമ്പോൾ തുക ട്രസ്റ്റിന്, ചർച്ചിന്, ഓൾഡേജ് ഹോമിന് എന്നത് വേർതിരിച്ച് എഴുതുക. അഡ്രസ്സിൽ ഫോൺ നമ്പർ കൂടി ഉറപ്പുവരുത്തുന്നത് ഉപകാരപ്രദമായിരിക്കും. NB: NEFT വഴി തുക അയച്ച വിവരം മുകളിൽ കൊടുത്തിരിക്കുന്ന ഇ-മെയിലിലോ, വിലാസത്തിലോ, ഫോൺ നമ്പറിലോ അറിയിക്കുക.

# മഹോപദ്രവകാലം
# GREAT TRIBULATION PERIOD

(12-ാം പേജിൽ നിന്നും തുടർച്ച)

കാഹളങ്ങളെക്കുറിച്ച് എഴുതാം. 1. കർത്താവിന്റെ ഗംഭീരനാദം: ആ ഗംഭീരനാദത്തിങ്കൽ ക്രിസ്തുവിൽ മരിച്ചവർ ഉയിർപ്പിക്കപ്പെടും. "മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കുകയും കേൾക്കുന്നവർ ജീവിക്കുകയും ചെയ്യുന്ന നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു" (യോഹ.5:25). രണ്ടാമത്തെ കാഹളം പ്രധാനദൂതന്റെ ശബ്ദമാണ്. "പ്രധാനപ്രഭുക്കന്മാരിൽ ഒരുത്തനായ മിഖായേൽ" എന്ന് ദാനി.10:13-ലുണ്ട്. "പ്രധാനദൂതനായ മിഖായേൽ മോശെയുടെ ശരീരത്തെക്കുറിച്ച് പിശാചിനോട് തർക്കിച്ച് വാദിക്കുമ്പോൾ ഒരു ദൂഷണവിധി ഉച്ചരിപ്പാൻ തുനിയാതെ; കർത്താവ് നിന്നെ ഭത്സിക്കട്ടെ എന്നു പറഞ്ഞതേയുള്ളു" (യൂദാ.9). പ്രധാനദൂതൻ മിഖായേൽ തന്നെ. മിഖായേൽ ദൈവദൂതന്റെ ശബ്ദത്തോടെ ഉത്പ്രാപണത്തിന്റെ തടസ്സങ്ങളെല്ലാം മാറിപ്പോകും. സാത്താന്മാരായിരിക്കും കൂടുതൽ തടസ്സങ്ങൾ സൃഷ്ടിക്കുക. എല്ലാ തടസ്സങ്ങളും മാറും. ദൈവത്തിന്റെ കാഹളമാണ് മൂന്നാമത്തേത്. അതോടെ സഭ ഭൂമിയിൽ നിന്ന്, മദ്ധ്യാകാശത്തിലൂടെ, സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്യും.

**സംഖ്യാ പുസ്തകത്തിലെ കാഹളവിശദീകരണം**

"യഹോവ പിന്നെയും മോശെയോട് അരുളിച്ചെയ്തതെന്തെന്നാൽ: വെള്ളികൊണ്ട് രണ്ട് കാഹളമുണ്ടാക്കുക. അടിപ്പുപണിയായി അവയെ ഉണ്ടാക്കേണം. അവ നിനക്ക് സഭയെ വിളിച്ചുകൂട്ടുവാനും പാളയത്തെ പുറപ്പെടുവിക്കാനും ഉതകേണം. അവ ഊതുമ്പോൾ സഭ മുഴുവനും സമാഗമന കൂടാരത്തിന്റെ വാതിൽക്കൽ നിന്റെ അടുക്കൽ കൂടേണം. ഒരു കാഹളം മാത്രം ഊതിയാൽ യിസ്രയേലിന്റെ സഹസ്രാധിപന്മാരായ പ്രഭുക്കന്മാർ നിന്റെ അടുക്കൽ കൂടേണം. ഗംഭീരധ്വനി ഊതുമ്പോൾ കിഴക്കേ പാളയങ്ങൾ യാത്ര പുറപ്പെടേണം. രണ്ടാം പ്രാവശ്യം ഗംഭീരധ്വനി ഊതുമ്പോൾ തെക്കേ പാളയങ്ങൾ യാത്ര പുറപ്പെടേണം. ഇങ്ങനെ ഇവരുടെ പുറപ്പാടുകൾക്കായി ഗംഭീരധ്വനി ഊതേണം. സഭയെ കൂട്ടേണ്ടതിന് ഊതുമ്പോൾ ഗംഭീരധ്വനി ഊതരുത്. അഹരോന്റെ പുത്രന്മാരായ പുരോഹിതന്മാരാകുന്നു കാഹളം ഊതേണ്ടത്; ഇത് നിങ്ങൾക്ക് തലമുറ തലമുറയായി എന്നേക്കുമുള്ള ചട്ടമായിരിക്കേണം. നിങ്ങളുടെ ദേശത്ത് നിങ്ങളെ ഞെരുക്കുന്ന ശത്രുവിന്റെ നേരെ നിങ്ങൾ യുദ്ധത്തിന് പോവുമ്പോൾ ഗംഭീരധ്വനിയായി കാഹളം ഊതേണം: എന്നാൽ നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളെ ഓർത്ത് ശത്രുക്കളുടെ കയ്യിൽ നിന്ന് രക്ഷിക്കും. നിങ്ങളുടെ സന്തോഷദിവസങ്ങളിലും ഉത്സവങ്ങളിലും മാസാരംഭങ്ങളിലും നിങ്ങൾ ഹോമയാഗങ്ങളും സമാധാനയാഗങ്ങളും കഴിക്കുമ്പോൾ കാഹളം ഊതേണം; അവ നിങ്ങൾക്ക് ദൈവത്തിന്റെ സന്നിധിയിൽ ജ്ഞാപകമായിരിക്കും. യഹോവയായ ഞാൻ നിങ്ങളുടെ ദൈവമാകുന്നു" (സംഖ്യാ.10:1-10).

ഈ വചനങ്ങളനുസരിച്ച് സഭയെ വിളിച്ചുകൂട്ടുവാനും



# മഹോപദ്രവകാലം
# GREAT TRIBULATION PERIOD

പാളയത്തെ പുറപ്പെടുവിക്കുവാനും കാഹളശബ്ദം ഉപയോഗിക്കപ്പെടുന്നു. കൂടാതെ യുദ്ധത്തിനും പോകുമ്പോൾ കാഹളം ഉയർത്തും. മാസാരംഭത്തിലും സന്തോഷ ദിവസങ്ങളിലും ഉത്സവത്തിനിടയിലും കാഹളം ഊതാറുണ്ട്.

1 കൊരി.15:52-54 "നാം എല്ലാവരും നിദ്ര കൊള്ളുക യില്ല. എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ കണ്ണിമയ്ക്കുന്ന തിനിടയില് നാമെല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും. മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും". 53 - "ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ ഈ മർത്യമായത് അമർത്യത്വത്തെയും ധരിക്കേണം". 54 - ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും മർത്യമായത് അമർത്യത്വത്തെയും ധരിക്കുമ്പോൾ മരണം നീങ്ങി ജയം വന്നിരിക്കുന്നു എന്നെഴുതിയ (യെശ.25:8) വചനം നിവർത്തിയാകും.

1. ദൈവവചനം അനുസരിച്ച ജീവിച്ച് മരിച്ചവർ പുതുശരീരത്തോടെ ഉയിർപ്പിക്കപ്പെടും.

2. ജീവിച്ചിരിക്കുന്നവരിൽ, ദൈവവചനമനുസരിച്ച് അതിവിശുദ്ധമായി ജീവിക്കുന്നവർ രൂപാന്തരപ്പെട്ട് ഉത്പ്രാപണം പ്രാപിക്കും.

3. യേശുക്രിസ്തു സ്വർഗ്ഗത്തിൽ നിന്ന് മദ്ധ്യാകാശത്തിലേക്ക് ഇറങ്ങിവരുമ്പോൾ, മേലെഴുതിയ രണ്ട് കൂട്ടരും കാന്തത്താൽ ഇരുമ്പ് കഷണം ആകർഷിക്കപ്പെടും പോലെ ആദ്യം മദ്ധ്യാകാശത്തിലേക്കും, ഒടുവിൽ സ്വർഗ്ഗത്തിലേക്കും എടുക്കപ്പെടും.

4. 2 തെസ്സ.2:7-ൽ "അധർമ്മത്തിന്റെ മർമ്മം ഇപ്പോഴെ വ്യാപരിക്കുന്നുണ്ട്. ഇതുവരെ തടുക്കുന്നവൻ (പരിശുദ്ധാ ത്മാവ്) വഴിയിൽ നിന്ന് നീങ്ങിപ്പോവുകമാത്രം വേണം. അപ്പോൾ അധർമ്മമൂർത്തി വെളിപ്പെട്ടുവരും; അവനെ കർത്താവായ യേശു തന്റെ വായിലെ ശ്വാസത്താൽ ഒടുക്കി തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും" എന്ന വചനങ്ങളനുസരിച്ച് പരിശുദ്ധാത്മാവ് വഴിയിൽ നിന്ന് മാറിപ്പോകും.

ഹാനോക്കി (ഉല്പ.5:21-24) ന്റെ മരണം കാണാതെയുള്ള എടുക്കപ്പെടലും ഏലിയാവിന്റെ (2 രാജാ.2:11) മരണം കൂടാതെയുള്ള എടുക്കപ്പെടലും ഉത്പ്രാപണത്തിന്റെ പഴയനിയമത്തിലെ നിഴൽ സംഭവങ്ങളാണ്.

യേശുവിന്റെ സ്വർഗ്ഗാരോഹണവും (അപ്പൊ.1:9-11) പൗലൊസ് മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടതും (2 കൊരി.12:2,3) ഉത്പ്രാപണത്തിന്റെ നിദർശനങ്ങളാണ്. അപ്പൊ.8:39-ൽ ഷണ്ഡനെ സ്നാനപ്പെടുത്തി കഴിഞ്ഞപ്പോൾ ഫീലിപ്പോസിനെ ദൈവാത്മാവ് മറ്റൊരു സ്ഥലത്തേക്ക് എടുത്തുകൊണ്ടുപോയതായി നാം വായിക്കുന്നുണ്ടല്ലൊ. ലാസറിനെയും യായിറോസിന്റെ മകളെയും നയിനിലെ വിധവയുടെ മകനെയും ഒക്കെ യേശു ഉയിർപ്പിച്ച കാര്യവും നമുക്കോർക്കാം.

**ഉത്പ്രാപണം പ്രാപിക്കുന്ന പുതിയ ശരീരം**

1 കൊരി.15-ൽ 42 മുതലുള്ള തിരുവചനങ്ങൾ കുറിയ്ക്കാം. "മരിച്ചവരുടെ പുനരുത്ഥാനവും അവ്വണ്ണം തന്നെ. ദ്രവത്വത്തിൽ വിതയ്ക്കപ്പെടുന്നു, അദ്രവത്വത്തിൽ ഉയിർക്കുന്നു; അപമാനത്തിൽ വിതയ്ക്കപ്പെടുന്നു, തേജസ്സിൽ ഉയിർക്കുന്നു. ബലഹീനയിൽ വിതയ്ക്കപ്പെടുന്നു. ശക്തിയിൽ ഉയിർക്കുന്നു. പ്രാകൃതശരീരം വിതയ്ക്കപ്പെടുന്നു. ആത്മീയശരീരം ഉയിർക്കുന്നു. പ്രാകൃതശരീരം ഉണ്ടെങ്കിൽ ആത്മീകശരീരവും ഉണ്ട്. ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹിയായിത്തീർന്നു" എന്നെഴുതിയിരിക്കുന്നുവല്ലൊ (ഉല്പ.2:7). "ഒടുക്കത്തെ ആദാം ജീവിപ്പിക്കുന്ന ആത്മാവായി. എന്നാൽ ആത്മീകമല്ല പ്രാകൃതമത്രേ ഒന്നാമത്തേത്; ആത്മീകം പിന്നത്തേതിൽ വരുന്നു. ഒന്നാം മനുഷ്യൻ ഭൂമിയിൽ നിന്ന് മണ്ണുകൊണ്ടുള്ളവൻ. രണ്ടാം മനുഷ്യൻ സ്വർഗ്ഗത്തിൽ നിന്നുള്ളവൻ. മണ്ണുകൊണ്ടുള്ളവനേപ്പോലെ മണ്ണുകൊണ്ടു ള്ളവരും സ്വർഗ്ഗീയനേപ്പോലെ സ്വർഗ്ഗീയന്മാരുമാകുന്നു. നാം മണ്ണുകൊണ്ടുള്ളവന്റെ പ്രതിമ ധരിച്ചിരിക്കുന്നതുപോല സ്വർഗ്ഗീയന്റെ പ്രതിമയും ധരിക്കും" (42-49).

ഈ വചനങ്ങൾ പഠിച്ചാൽ ഇപ്പൊഴത്തെ ശരീര ത്തിന്റെയും രൂപാന്തരപ്പെടുന്ന പുതിയശരീരത്തിന്റെയും വ്യത്യാസങ്ങൾ വേർതിരിച്ചറിയാൻ കഴിയും. രൂപാന്തരം പ്രാപിച്ച പുതിയശരീരം 1. അദ്രവത്വമുള്ളതാണ്. 2. തേജസ്സും ശക്തിയും ഉള്ളതാണ്. 3. അമർത്ത്യവും ആത്മീകവും സ്വർഗ്ഗീയവും ആണ്, ലൂക്കോ.24:39 അനുസരിച്ച് (ഞാൻ തന്നെ ആകുന്നു എന്ന് എന്റെ കയ്യും കാലും നോക്കി അറിവിൻ;

(ശേഷം 22-ാം പേജിൽ)

# ആരാധനാ കേന്ദ്രങ്ങളും ഇടദിവസങ്ങളിലെ കൂട്ടായ്മകളും



**പാ:സി.വി. ജോസ്സി**
Ph:9847052185
**പത്തനംതിട്ട**
നന്നുവക്കാട് YMCA ഹാൾ
(ചുരുളിക്കോട്)

ഞായർ: 10.00 am-1.00 pm (ആരാധന)
വെള്ളി: 10 am 1 pm (ഉപവാസപ്രാർത്ഥന)



**പാ. ബിനോജ്**
Mob: 9539769595
**അടൂർ**
opp. കച്ചേരി മാർക്കറ്റ്

ഞായർ: 10 am to 1 pm (ആരാധന)

## ആലപ്പുഴ ജില്ല



**പാ:ബിജു**
Mob:9447116820
**ആലപ്പുഴ**
YWCA ഹാൾ

Near വഴിച്ചേരിജംഗ്ഷൻ
ഞായർ 9.30 am to 1 pm (ആരാധന)
സൺഡേസ്കൂൾ:
എല്ലാ ഞായറാഴ്ചയും 12.30 pm
**പുന്നപ്ര**
തിങ്കൾ 6 pm to 9 pm (ബൈബിൾക്ലാസ്)
എല്ലാ വെള്ളിയാഴ്ചയും
(ഉപവാസപ്രാർത്ഥന) 10 am
**ഹരിപ്പാട്**
സബ് റെജിസ്ട്രാർ ഓഫീസ്
ബിൽഡിംഗ്, കവല, നങ്ങ്യാർകുളങ്ങര
ഞായർ :2 pm to 5 pm (ആരാധന)
എല്ലാ മാസത്തിലെയും നിശ്ചിത അവധി
ദിവസങ്ങളിൽ 10 am to 3 pm
(ബൈബിൾക്ലാസ്)
**കായംകുളം**
വൈ.എം.സി.എ ഗോൾഡൻ ജൂബിലി,
ഓഡിറ്റോറിയം, (പാർക്ക് ജംഗ്ഷൻ)
ശനി: 9.30 am to 1.00 pm (ആരാധന)
സൺഡേ സ്കൂൾ:
എല്ലാ ശനിയാഴ്ചയും 12.30 pm
**കറ്റാനം**
മാംകാവിൽ ഗാർഡൻസിന് സമീപം,
വില്ലേജ് ഓഫീസ് റോഡ്
(കുടുംബകൂട്ടായ്മ)
എല്ലാ 2-ാം ശനിയാഴ്ചയും: 2 pm to 5 pm

## കൊല്ലം ജില്ല



**പാ:ജോസ് മാത്യു**
Ph: 9847872731,
9946586728
**കൊല്ലം**

**YMCA ഹാൾ, ചിന്നക്കട,**
റെയിൽവെ ക്രോസിന് സമീപം
ഞായർ: 10 am to 1 pm (ആരാധന)

**കരുനാഗപ്പള്ളി**
YMCA ഹാൾ,
Ph:9847872731, 9946586728
ചൊവ്വ: 10 am to 1 pm (ഉപവാസപ്രാർത്ഥന)
**പൂയപ്പള്ളി**
കിഴക്കിടത്ത് ബിൽഡിംഗ്
Ph:9847872731, 9946586728
വെള്ളി: 10 am to 1 pm (ഉപവാസപ്രാർത്ഥന)

ഭവന കൂട്ടായ്മകൾ: -
ആശ്രാമം 1-ാം തിങ്കൾ 4.00 pm to 6.00 pm
തങ്കശ്ശേരി 2-ാം തിങ്കൾ 4.00 pm to 6.00 pm
ഹൈസ്കൂൾ Jn. 3-ാം തിങ്കൾ 4.00 pm to 6 pm
മുണ്ടാലും മൂട് 4-ാം തിങ്കൾ 4.00 pm to 6.00 pm
പരവൂർ 1-ാം ചൊവ്വ 4.00 pm to 6.00 pm
മയ്യനാട് 2-ാം ചൊവ്വ 4.00 pm to 6.00 pm
ഇളമ്പള്ളൂർ 3-ാം ചൊവ്വ 4.00 pm to 6.00 pm
കൊട്ടിയം 4-ാം ചൊവ്വ 4.00 pm to 6.00 pm
ശങ്കരമംഗലം 1-ാം ബുധൻ 4.00 pm to 6.00 pm
നീണ്ടകര 2-ാം ബുധൻ 4.00 pm to 6.00 pm
പൂതക്കുളം 3-ാം ബുധൻ 4 pm to 6 pm
പുന്നക്കോട് 4-ാം ബുധൻ 4.00 pm to 6.00 pm
ചെറുവക്കൽ 1-ാം വ്യാഴം 4.00 pm to 6.00 pm
കുളപ്പില 2-ാം വ്യാഴം 4.00 pm to 6.00 pm
ഓയൂർ 3-ാം വ്യാഴം 4.00 pm to 6.00 pm
ഇളമാട് 4-ാം വ്യാഴം 4.00 pm to 6.00 pm
മുഖത്തല 1-ാം വെള്ളി 4.00pm 6.00 pm
നല്ലില 2-ാം വെള്ളി 4.00 pm to 6 pm
കരിക്കോട് 3-ാം വെള്ളി 4.00 pm to 6.00 pm
വർക്കല 4-ാം വെള്ളി 4.00pm to 6.00 pm



**പാ.കെ.സി ദേവസ്യാ (ദാസ്)**
Mob:9633227925
**പത്തനാപുരം**
സായാന്നാ ടൂറിസ്റ്റ്ഹോം
opp.ജനത ഹോസ്പിറ്റൽ

ഞായർ : 10 am to 1 pm (ആരാധന)
ഒന്നാം ശനി മുറിഞ്ഞ കൽ
ഷീബ ഭവൻ 3 pm to 5 pm, രണ്ടാം ശനി
**നെടുമൺകാവ്** രാധാമണിഭവനം
3 pm to 5 pm, മൂന്നാം ശനി പ്ലാന്റേഷൻ,
വൽസലാമ്മഭവനം 3 pm to 5 pm
നാലാം ശനി **കൂടൽ** മണി ഭവനം
3 pm to 5 pm



**പാ:ബിജു സ്കറിയ കുണ്ടറ**
Mob:9447248425
**പുനലൂർ**
എം.ജെ.എസ്. ടൂറിസ്റ്റ്
ഹോം (Opp. Market)

ഞായർ:10.00 am to 1.00 pm (ആരാധന)
എല്ലാ വെള്ളിയാഴ്ചയും(ഉപവാസപ്രാർത്ഥന) 10 am to1pm
**കുണ്ടറ** (എല്ലാ ശനിയാഴ്ചകളിലും
(പ്രാർത്ഥന) ആറുമുറിക്കട. മേലതിൽ ഓഡി
റ്റോറിയം 3.00 pm - 5 pm
**ഭരണിക്കാവ് , പുത്തൂർ, ചാത്തന്നൂർ**

## തിരുവനന്തപുരം ജില്ല



**പാസ്റ്റർ:ജോർജ്ജ് തോമസ് കുടിപ്പാറ**
Mob:9446718242
**പരുത്തിപ്പാറ**
ഗ്രേസ് മിനിഹാൾ

ഞായർ 10.30 am to 12.30 pm (ആരാധന)
ആരാധന:എല്ലാ ശനിയാഴ്ചയും YMCA
ഹാൾ 10.30 am-12.30 pm തൊഴുക്കൽ.
നെയ്യാറ്റിൻകര
യൂത്ത് കൂട്ടായ്മ എല്ലാ ഞായർ 12.30 pm
ഒന്നിടവിട്ട മാസങ്ങളിൽ ഏകദിന കൂട്ടായ്മ
ലേഡീസ് കൂട്ടായ്മ രണ്ടാം ഞായർ (4.30 pm),
4-ാം ഞായർ (12.30 pm to 1 pm)

പുരുഷ കൂട്ടായ്മ 2-ാം ഞായർ, 4-ാം ഞായർ
12.30 pm - 1 pm
സൺഡേ സ്കൂൾ :
എല്ലാ ഞായറാഴ്ചയും 12.30 pm
**പൂവ്വാർ**, ബെഥേൽ ഭവനം പ്രയർ ഹാൾ,
പത്തനാവിള ആർ.സി. ചർച്ച് റോഡ്
ഞായർ 4.00 pm to 6.00 pm (ആരാധന)
**കാട്ടാക്കട**, അംബികാ ഭവനം എല്ലാ ശനി
യാഴ്ചയും 10 am to 1pm (ആരാധന)
കുടുംബ കൂട്ടായ്മകൾ:-
**വലിയതുറ**, 1-ാം ചൊവ്വ മാത്യൂസ്
ഭവനം 5.30 pm
**ആനാട്**, 2-ാം ചൊവ്വ ബാബുഭവനം
10.30 am
**ചന്തവിള** 3-ാം ചൊവ്വ സാംബശിവൻ
ഭവനം 6.00 pm
**കുടപ്പനക്കുന്ന്**, 4-ാം ചൊവ്വ ശശിഭ
വനം 6.30 pm
**മുട്ടട**, ആത്മാഭിഷേകം ഓഫീസ്
എല്ലാ ബുധനാഴ്ചയും
ഉപവാസ പ്രാർത്ഥന.10.30 am
**L.M.S.Nagar**, എല്ലാ വെള്ളിയാഴ്ചയും
ബൈബിൾ സ്റ്റഡി 6.00 pm to 9.00 pm
**ഊരുട്ടമ്പലം**, 1-ാം ബുധൻ ചിനിവിള
ജോർജ്ജ് 5 pm
**വലിയവിള**, 2-ാം ബുധൻ
ജയചന്ദ്രൻ ഭവനം 4.30 pm
**കരമന**,3-ാം ബുധൻ ശാന്തഭവനം
3 pm 3-ാം ബുധൻ
ജോർജ്ജ് ഫിലിപ്പ് ഭവനം 5.00pm
**കിള്ളി**, 4-ാം ബുധൻ ബിജുഭവനം 6 pm
**വെങ്ങാന്നൂർ**, 1-ാം വ്യാഴം ജസ്റ്റസ്
ഭവനം 5 pm
**ഉദിയൻകുളങ്ങര**, 2-ാം വ്യാഴം
ശശിഭവനം 4.30 pm
**പേരൂർക്കട**, 2-ാം വ്യാഴം
സാവിത്രിഭവനം10.30am
**ഞണ്ടൂർകോണം** 3-ാം വ്യാഴം
ആന്റണി ഭവനം 4.30 pm
**കുറ്റ്യാനി**, 4-ാം വ്യാഴം രാജൻ ഭവനം4.30pm
**മരുതൂർ**, 1-ാം ശനി സദാശിവൻ ഭവനം
5.30 pm
**സന്തോഷ് നഗർ**, 2-ാം ശനി മുരളിസാർ
ഭവനം 5.30 pm
2-ാം ശനി യൂത്ത് നൈറ്റ് പ്രയർ 7.30 pm
**നെട്ടയം**, 3-ാം ശനി ജോർജ്ജ് ഭവനം
5.30 pm, **പാറോട്ട്കോണം**,4-ാം ശനി
മനോജ് ഭവനം 5.30 pm



**പാസ്റ്റർ വിനു നടയ്ക്കൽ**
Mob: 9744569559
**പാറശാല**
ആത്മാഭിഷേകംവർഷിപ്പ്
സെന്റർ (ഷീലാ കോട്ടേജ്

റെയിൽവെപാലത്തിന് സമീപം,
കാരക്കോണം റൂട്ട്.)
ഞായർ 10 am to 1.00 pm (ആരാധന)
**വെള്ളറട**, ജെ.എം. ഹാൾ
ഞായർ 3 pm to to 5 pm (ആരാധന)
**അമരവിള**, എസ്ഥേർഭവനം
രണ്ടാം ശനി 2 pm to to 4 pm (ആരാധന)

## CHURCH OF ETERNITY
# CENTRAL MINISTRY


Rev. Devasia Mullakara


Pr. Sam Saravan
PH : 08489261474


Pr.Radhakrishnan
PH : 8086425080


Associate pastor
P.D Mathew
PH : 9961066460


Pr.Ramesan


Youth Pastor
Sarath Mohan


Br.Jobi


Br.Sabu



Br.Rahul


Br.Prince


Br.Shon


Br.Justin

24 x 7 Prayer Line **9495932106 , 9447715159** പ്രാർത്ഥനാ സഹായങ്ങൾക്ക് വിളിക്കുക






ഹാർവെസ്റ്റ്, പവർവിഷൻ,ട്രംപറ്റ് എന്നീ ചാനലുകളിൽ വരുന്ന ആത്മാഭിഷേകം എപ്പിസോഡുകൾ സ്പോൺസർ ചെയ്യുവാൻ ദൈവാലോചന ലഭിക്കുന്നവർ ദയവായി ബന്ധപ്പെടുക.
9947955111 (ദേവസ്യാ മുല്ലക്കരസാർ) (രാവിലെ 7 മുതൽ 9 വരെ)

# മഹോപദ്രവകാലം
# GREAT TRIBULATION PERIOD

(15-ാം പേജിൽ നിന്നും തുടർച്ച)

എന്നെ തൊട്ടുനോക്കുവിൻ; എന്നിൽ കാണുന്നതുപോല ഭൂതത്തിന് മാംസവും അസ്ഥിയും ഇല്ലല്ലോ).

ദ്രവത്വത്തിന് കാരണമായ രക്തമില്ല പുതിയ ശരീരത്തിൽ എന്നതൊഴിച്ചാൽ കാണാവുന്നതും തൊടാവുന്നതുമായ അസ്ഥിയും മാംസവും ഉള്ള ശരീരമാണ് ആത്മീക ശരീരം യോഹ.20:19-ൽ "വാതിൽ അടച്ചിരിക്കെ യേശു വന്ന് നടുവിൽ നിന്നു" എന്നു നാം കാണുന്നുവല്ലോ. ഉയിർത്തെഴുന്നേറ്റ കർത്താവ് ''ഇങ്ങനെ സംസാരിച്ചുകൊണ്ടു നിൽക്കുമ്പോൾ അവൻ അവരുടെ നടുവിൽ നിന്ന് നിങ്ങൾക്കു സമാധാനം എന്നു പറഞ്ഞു" (ലൂക്കോ.24:36). ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ശരീരത്തോടെയുള്ള പ്രത്യക്ഷപ്പെടൽ നാം കാണുന്നുവല്ലൊ. മോശയെയും ഏലിയാവിനെയും മറുരൂപമലയിൽവെച്ച് (മത്താ.17:3,4) ശിഷ്യന്മാർ തിരിച്ചറിഞ്ഞുവല്ലൊ. ഉയിർത്തെഴുന്നേൽക്കുന്ന ആ ശരീരത്തിന്, സംസാരിക്കുവാനും, കേൾക്കുവാനും, ഗ്രഹിക്കുവാനും, നടക്കുവാനും ഒക്കെ സാധിക്കും. ''പുനരുത്ഥാനത്തിൽ അവർ വിവാഹം കഴിക്കുന്നില്ല, വിവാഹത്തിന് കൊടുക്കപ്പെടുന്നതുമില്ല; സ്വർഗ്ഗത്തിലെ ദൂതന്മാരെപ്പോലയത്രേ ആകുന്നു'' (മത്താ.22:30). മാനുഷികമായ യാതൊരു പരിമിതികളുമില്ല. മണ്ണിന്റെ യാതൊരു ദോഷമൊ പാപമൊ ഇല്ല. തീർച്ചയായും നമ്മുടെ വീണ്ടെടുപ്പുകാരനായ യേശുക്രിസ്തു മരിച്ചുയിർത്ത് ജീവിച്ചിരിക്കുന്നു; നമുക്കും ശരീരത്തോടുകൂടി നമ്മുടെ ദൈവത്തെ കാണുവാൻ കഴിയുന്ന വിധത്തിലാണ് ദൈവീകപദ്ധതി.

## ക്രിസ്തുവിന്റെ ന്യായാസനവും കുഞ്ഞാടിന്റെ കല്യാണവും

ബീമാ സീറ്റ് (-Judgment Seat-) എന്ന ഗ്രീക്കുപദമാണ് ക്രിസ്തുവിന്റെ ന്യായാസനം എന്നതിനുപകരം ഉപയോഗിച്ചിരിക്കുന്നത്. "അവനവൻ ശരീരത്തിലിരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിന് തക്കവണ്ണം പ്രാപിക്കേണ്ടതിന് നാമെല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന് മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു" (2 കൊരി.5:10). റോമ.14-ൽ 10,12 വാക്യങ്ങൾ കുറിയ്ക്കാം. "എന്നാൽ നീ സഹോദരനെ വിധിക്കുന്നത് എന്ത്? അല്ല, നീ സഹോദരനെ ധിക്കരിക്കുന്നത് എന്ത്? നാം എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിന് മുമ്പാകെ നിൽക്കേണ്ടിവരും. എന്റെ മുമ്പിൽ എല്ലാ മുഴങ്കാലും മടങ്ങും. എല്ലാ നാവും ദൈവത്തെ സ്തുതിക്കുമെന്ന് കർത്താവ് അരുളിച്ചെയ്യുന്നു. (യെശ.45:23) എന്ന് എഴുതിയിരിക്കുന്നുവല്ലൊ. ആകയാൽ നമ്മിൽ ഓരോരുത്തൻ ദൈവത്തോട് കണക്ക് ബോധിപ്പിക്കേണ്ടി വരും'' (റോമ.14:10,11,12). വൻ കായികമത്സരങ്ങളിൽ വിക്ടറി സ്റ്റാൻഡിൽ വിജയികൾ കയറി നിൽക്കാറുണ്ടല്ലൊ.അപ്പോൾ ഫസ്റ്റിനും, സെക്കന്റിനും, തേർഡിനും വ്യത്യസ്ത നിറങ്ങളൊ പൂക്കളോ ഉള്ള കിരീടങ്ങൾ വെച്ചുകൊടുക്കാറുണ്ടല്ലോ. ഇവിടെ സ്വർഗ്ഗനരകങ്ങൾ വീതിക്കുന്നില്ല. ക്രിസ്തുവിനുവേണ്ടി ഓടുന്ന നമ്മൾ ഓട്ടം തികച്ച ശേഷം സ്വർഗ്ഗത്തിലെ ആ ജഡ്ജ്മെന്റ് സീറ്റിനുമുമ്പിൽ നിൽക്കേണ്ടി വരുന്ന കാര്യമാണ്.

അപ്പൊ.16-ൽ ''അവർ ആസ്യയിൽ വചനം പ്രസംഗിക്കരുതെന്ന് പരിശുദ്ധാത്മാവ് വിലക്കുകയാൽ ഫ്രുഗ്യയിലും ഗലാത്യദേശത്തിലുംകൂടി സഞ്ചരിച്ചു. മുസ്യയിലെത്തി ബിഥുന്യയ്ക്ക് പോകുവാൻ ശ്രമിച്ചു; യേശുവിന്റെ ആത്മാവൊ, അവരെ സമ്മതിച്ചില്ല. അവർ മുസ്യാ കടന്ന് ത്രോവാസിലെത്തി. അവിടെവെച്ച് പൗലൊസ് രാത്രിയിൽ മക്കെദൊന്യാക്കാരനായോരു പുരുഷൻ അരികെനിന്ന് നീ മക്കെദൊന്യായ്ക്ക് കടന്നുവന്ന് ഞങ്ങളെ സഹായിക്ക എന്ന് തന്നോട് അപേക്ഷിക്കുന്നതായി ഒരു ദർശനം കണ്ടു. ഈ ദർശനം കണ്ടിട്ട് അവരോട് സുവിശേഷം അറിയിപ്പാൻ ദൈവം ഞങ്ങളെ വിളിച്ചിരിക്കുന്നു എന്ന് നിശ്ചയിച്ചു, ഞങ്ങളുടനെ മക്കദൊന്യായ്ക്ക് പുറപ്പെടുവാൻ ശ്രമിച്ചു" (6-10).

പരിശുദ്ധാത്മാവ് ആഗ്രഹിക്കാത്ത സുവിശേഷവേല നാം ചെയ്യരുത്. ഒരൊറ്റ ആത്മാവിനെയും കിട്ടുകയില്ല, അങ്ങനെ ചെയ്താൽ. ഒരു നല്ല ടീമിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുമ്പോൾ ആ ടീമിലെ ലീഡറിനെക്കാളും നീ വളർന്നിട്ടുണ്ടെന്ന് അശുദ്ധാത്മാവ് തോന്നിപ്പിക്കും. അപ്പോൾ നാം ഇടർച്ചയുണ്ടാക്കുകയൊ ടീം വിട്ട് ചാടിപ്പോവുകയൊ ചെയ്യും. പിന്നെ ഒരു എതിരണി ഒരുക്കും. തന്റെ സഹോദരന്മാരെയൊ ബന്ധുമിത്രാദികളെയൊ തന്റെകൂടെ

(ശേഷം 24-ാം പേജിൽ)












**ഒക്ടോബർ 27, 28 തിയ്യതികളിൽ മൂവാറ്റുപുഴ കെ.എം ജോർജ്ജ് മെമ്മോറിയൽ ഹാളിൽ വച്ചു നടന്ന അഭിഷേകാഗ്നി കൺവെൻഷനിൽ പങ്കെടുത്ത ദൈവജനം**

# മഹോപദ്രവകാലം
# GREAT TRIBULATION PERIOD

(23-ാം പേജിൽ നിന്നും തുടർച്ച)

സംഘടിപ്പിക്കുവാൻ ശ്രമിക്കും. അത് വിജയിക്കാതെ വരുമ്പോൾ മുടന്തൻ ന്യായങ്ങൾ പറയും. പല പല ടീമുകളിൽ നിന്ന് കൊഴിഞ്ഞുപോവുകയൊ മദ്യപാനം, കഞ്ചാവുവലി, കഞ്ചാവ് വിൽക്കൽ മുതലായവയുമായി ബന്ധപ്പെട്ട് പോലീസ് കേസിൽ കുടുങ്ങുകയൊ ചെയ്തവർ, ആരെപിടിച്ചാലാണ് ഊരെ പിടിക്കുക, എന്നോർത്ത് വിഷമിച്ച് വല്ലപാടും കടന്നുവരുമ്പോൾ അവരെ പിടിച്ച് കൗൺസിലിംഗും മറ്റും നൽകി അവരുടെ ബന്ധുക്കളെ പിടിച്ച് പാസ്റ്ററുമൊക്കെയാക്കി ദൈവവേലയിൽ പരിശുദ്ധാത്മാവ് ആഗ്രഹിക്കാത്തത് ചെയ്ത് നിത്യജീവൻ അവനവന്റേത് മാത്രമല്ല, അന്യരുടേതും നശിപ്പിക്കുന്നവർ മാനസാന്തരപ്പെട്ട് യഥാസ്ഥാനപ്പെടുവാൻ മടിക്കരുത്. കർത്താവ് കല്പിക്കുന്നതേ സുവിശേഷവേലയിൽ ചെയ്യാവൂ.

കള്ളകൗൺസിലിംഗിലൂടെ പലരും പലതും പറയും. അതൊക്കെ കേട്ടാൽ നമുക്ക് പ്രതിഫലം നഷ്ടപ്പെട്ടുപോകും. രക്ഷിക്കപ്പെട്ട ശേഷം ചെയ്യുന്ന സുവിശേഷപ്രവൃത്തികളുടെ അടിസ്ഥാനത്തിലാണ് നമുക്ക് പ്രതിഫലവും കിരീടവും തേജസ്സിന്റെ നിത്യഘനവും ലഭിക്കുക.

## പ്രതിഫലം ലഭിക്കുന്ന കാര്യങ്ങൾ

1. നാം സുവിശേഷവേലകൾ ചെയ്യുന്നത് ദൈവത്തിനു വേണ്ടിയാണ്, ആത്മാക്കളെ നേടി സ്വർഗ്ഗരാജ്യത്തിന് കൊടുക്കാനാണ്. ജനലക്ഷങ്ങളുടെ കൂട്ടായ്മകൾ സംഘടിപ്പിച്ചതുകൊണ്ടോ അവരെ സ്തുതിയും സ്തോത്രത്തിന്റെയും ഉന്നതങ്ങളിലേയ്ക്കുയർത്തിയതുകൊണ്ടോ അവരിൽ നിന്ന് വൻതോതിൽ സ്തോത്രക്കാഴ്ചകൾ പിരിച്ച് കൂറ്റൻ മണിമന്ദിരങ്ങൾ പണിഞ്ഞതുകൊണ്ടോ, അനേകം രാജ്യങ്ങൾ സന്ദർശിച്ചതുകൊണ്ടോ വലിയ ടിവി ഇവാഞ്ചലിസ്റ്റ് ആയതുകൊണ്ടോ ആയില്ല. അനേകരുടെ ആത്മാക്കളെ നേടുവാൻ തക്കവണ്ണം, അവരെ മാനസാന്തരത്തിലേക്കും വീണ്ടുംജനനത്തിലേക്കും, വിശ്വാസ സ്നാനത്തിലേക്കും നയിക്കുവാൻ സാധിക്കുന്നു വെങ്കിൽ മാത്രമേ, പുതിയനിയമത്തിൽ വെളിപ്പെടുത്തുന്ന ആത്മാവിലും സത്യത്തിലുമുള്ള ആരാധനയിലേക്കും (യോഹ.4:24) "കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം" (മർക്കോ.12:31) എന്ന നിഷ്ക്കളങ്ക സ്നേഹത്തിലേക്കും ഉയർന്ന്, നിത്യത, നേടിയെടുക്കാൻ കഴിയുകയുള്ളു.

2. മത്തായി 5-ാം അദ്ധ്യായത്തിൽ 11,12 വചനങ്ങൾ കുറിക്കാം. "എന്റെ നിമിത്തം നിങ്ങളെ പഴിക്കുകയും ഉപദ്രവിക്കുകയും നിങ്ങളെക്കൊണ്ട് എല്ലാ തിന്മയും കളവായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായതു കൊണ്ട് സന്തോഷിച്ചുല്ലസിപ്പിൻ; നിങ്ങൾക്ക് മുമ്പേ ഉണ്ടായിരുന്ന പ്രവാചകന്മാരെയും അവർ അങ്ങനെ തന്നെ ഉപദ്രവിച്ചുവല്ലോ." അതായത് യേശുവിന്റെ നിമിത്തം പഴികളും ഉപദ്രവങ്ങളും സഹിച്ചാൽ ചെയ്താൽ പ്രതിഫലം ഉറപ്പ്.

3.മത്തായി 19-ൽ 29-ാം വചനം: "എന്റെ നിമിത്തം വീടുകളെയോ സഹോദരന്മാരെയോ സഹോദരികളെയോ അപ്പനെയോ അമ്മയെയോ മക്കളെയോ നിലങ്ങളെയോ വിട്ടുകളഞ്ഞവന് എല്ലാം നൂറു മടങ്ങ് ലഭിക്കും; അവൻ നിത്യ ജീവനെയും അവകാശമാക്കും." യേശുവിന്റെ നിമിത്തം ഒത്തിരിയൊത്തിരി സമ്പാദിച്ച, ബിഷപ്പുമാരുടെയോ, അച്ചന്മാരുടെയോ ബാംഗ്ലൂരും ചെന്നൈയിലും അമേരിക്കയിലോ ലണ്ടനിലോ സൗത്താഫ്രിക്കയിലോ തിരുവല്ലയിലോ കോട്ടയത്തോ ഉള്ള കോടിശ്വരന്മാരായ പാസ്റ്റർമാരുടെയോ കാര്യമൊന്നും മത്തായി 19:29-ൽ പറഞ്ഞില്ലെന്ന കാര്യം നാം വിസ്മരിക്കരുത്.

4." നീയോ ഭിക്ഷ കൊടുക്കുമ്പോൾ നിന്റെ ഭിക്ഷ രഹസ്യത്തിലായിരിക്കേണ്ടതിന് വലംകൈ ചെയ്യുന്നത് എന്ത് എന്ന് ഇടംകൈ അറിയരുത്. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്ക് പ്രതിഫലം തരും."(മത്തായി:6.3,4) അർഹിക്കുന്നവരേ സഹായിക്കുന്നവർക്ക് പ്രതിഫലം ഉണ്ട്.

5. മത്തായി.6:6-ൽ "നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്ന് വാതിൽ അടച്ച് രഹസ്യത്തിലുള്ള നിന്റെ പിതാവിനോട് പ്രാർത്ഥിക്കുക. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്ക് പ്രതിഫലം തരും." യഥാർത്ഥ പ്രാർത്ഥനയ്ക്ക് പ്രതിഫലം ഉണ്ട്.

6."നീയോ ഉപവസിക്കുമ്പോൾ നിന്റെ ഉപവാസം മനുഷ്യർക്കല്ല, രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവിന്

(ശേഷം 27-ാം പേജിൽ)














1) ബത്തേരി,കൊളഗപ്പാറയിൽ വച്ചു നടന്ന പാസ്റ്റേഴ്സ് കോൺഫറൻസ്.

2) പൊതുകൺവെൻഷനിൽ പങ്കെടുത്ത ദൈവജനം.(താഴെ)



## പ്രാർത്ഥനയാൽ മജ്ജയിലെ ക്യാൻസർ സുഖപ്പെട്ടു

**ജോർജ്ജ് ഏഴിക്കര**
8089363260



നോർത്ത് പറവൂരിലെ വ്യാപാരഭവൻ ഓഡിറ്റോറിയത്തിൽ വെച്ച് കഴിഞ്ഞ സെപ്റ്റംബറിലും ഒക്ടോബറിലും ചർച്ച് ഓഫ് ഇറ്റേണിറ്റിയുടെ ഓരോ മീറ്റിംഗുകൾ ഉണ്ടായിരുന്നു. മജ്ജയിൽ ക്യാൻസർ ബാധിച്ച എന്റെ അമ്മയെയും കൂട്ടി പ്രാർത്ഥനാ സമയത്ത് സെപ്റ്റംബറിലെ മീറ്റിംഗിൽ ഞാൻ ദേവസ്യാസാറിന്റെയടുത്ത് ചെന്നു. കൈ വെയ്പ്പ് പ്രർത്ഥനാസമയത്ത് സാർ പറഞ്ഞു: ദൈവം അത്ഭുതം പ്രവർത്തിച്ച് അമ്മയെ (വിറോണി) അനുഗ്രഹിച്ചിട്ടുണ്ട്, അടുത്ത മീറ്റിംഗിനുമുമ്പ് ഡോക്ടറെ കണ്ട് പരിശോധിച്ചിട്ട് വന്നുകൊള്ളു എന്ന്. ആശുപത്രിയിൽ ചെന്നുള്ള പരിശോധനയിൽ അമ്മയ്ക്ക് പൂർണ്ണ സൗഖ്യമുണ്ടെന്ന് ഡോക്ടർ സ്ഥിരീകരിച്ചു. ഒക്ടോബ റിലെ മീറ്റിംഗിൽ ഈ സത്യസാക്ഷ്യം പറയുവാൻ എനിക്കും അമ്മയ്ക്കും കഴിഞ്ഞു. യേശുക്രിസ്തു എന്ന സത്യദൈവം ക്യാൻസർ മാറ്റുക മാത്രമല്ല, പാപ ബന്ധനങ്ങളും ശാപത്തകർച്ചകളും കുടുംബത്തകർ ച്ചകളും എല്ലാം മാറ്റി സമാധാനവും സ്വസ്ഥതയും നൽകുമെന്നും എനിക്കു മനസ്സിലായി.

## ബ്രെയിൻ ക്യാൻസർ കർത്താവ് സുഖപ്പെടുത്തി

**പ്രിയങ്ക അനിഷ്**
9740317262



പ്രിയങ്ക എന്ന ഞാൻ താമസിക്കുന്നത് ബാംഗ്ലൂരിലാണ്. 10 വർഷം പഴക്കമുള്ള ഒരു മുഴ എന്റെ തലയിലുണ്ടായിരുന്നു. അത് ബ്രെയിൻ ക്യാൻസറിന്റെ പുറമെയുള്ള ലക്ഷണമാണെന്ന്, പരിശോധനയിൽ ഡോക്ടർ സ്ഥിരീകരിച്ചു. ഡോക്ടർ സർജ്ജറി ചെയ്തെങ്കിലും തേർഡ് സ്റ്റേജിലേയ്ക്ക് രോഗം വളർന്നതുകൊണ്ട് മുഴുവൻ മാറ്റാൻ കഴിഞ്ഞില്ല. എല്ലാ മാസവും MRI ചെയ്തുകൊണ്ടിരിക്കവെ ദേവസ്യാ സാറിന്റെ ഒരു പ്രാർത്ഥന എനിക്ക് ലഭിച്ചു. യേശുക്രിസ്തു എന്ന സത്യദൈവം സാറിന്റെ പ്രാർത്ഥനയിലൂടെ എന്നെ സുഖപ്പെടുത്തി. എന്റെ രോഗസൗഖ്യം ഡോക്ടർ സ്ഥിരീകരിച്ചുതന്നു. ഞാൻ ദൈവ ത്തോട് കോടാനുകോടി നന്ദി പറയുന്നു.

# മഹോപദ്രവകാലം
# GREAT TRIBULATION PERIOD

(24-ാം പേജിൽ നിന്നും തുടർച്ച)

വിളങ്ങേണ്ടതിന് തലയിൽ എണ്ണ തേച്ച് മുഖം കഴുകുക. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്ക് പ്രതിഫലം നൽകും." മത്തായി 6:17 യഥാർത്ഥ ഉപവാസ പ്രാർത്ഥനയ്ക്ക് പ്രതിഫലം ഉണ്ട്.

7. മറ്റുള്ളവരെ സ്വീകരിക്കുന്നതിനും (മത്തായി.10:41) യേശുവിന്റെ ശിഷ്യന്മാർക്ക് നല്കുന്നതിനും (മത്തായി.10:42) ശത്രുക്കളെ സ്നേഹിക്കുന്നതിനും (ലൂക്കോസ്.6:35) ആത്മീയ ശുശ്രൂഷയിലെ യഥാർത്ഥ അധ്വാനങ്ങൾക്കും (1 കൊരി.3:8) സുവിശേഷം അറിയിക്കുന്നതിനും(1കൊരി.29:16,17) വലിയ പ്രതിഫലം ഉണ്ട്.

**കിരീടങ്ങൾ**

ജീവകിരീടം (യാക്കോ.1:12; വെളി.2:10); വാടാത്ത കിരീടം (1 കൊരി.9:24,25); പ്രശംസാകിരീടം (1 തെസ്സ.2:19); തേജസ്സിന്റെ കിരീടം (1 പത്രൊ.5:2-4); നീതിയുടെ കിരീടം (2 തിമൊ.4:8).

യേശുവിനെ പ്രതി പരീക്ഷ സഹിക്കുന്നവർക്കുള്ളതാണ് ജീവകിരീടം. വാടാത്തകിരീടം ദുരുപദേശങ്ങളിലേക്ക് ഒട്ടും പോകാതിരിക്കുന്നവർക്കാണ്. ആത്മാക്കളെ കൂടുതൽ നേടുന്നവർക്കുള്ളതാണ് പ്രശംസാ കിരീടം. അഭിഷേകത്തോടെ ശുശ്രൂഷചെയ്യുന്നവർക്കു ള്ളതാണ് തേജസ്സിന്റെ കിരീടമെങ്കിൽ കർത്താവിന്റെ വരവിൽ പ്രിയംവെച്ച് കാത്തിരിക്കുന്നവർക്കുള്ള കിരീടമാണ് നീതിയുടെ കിരീടം.

**വിജയികൾക്കുള്ള പ്രതിഫലങ്ങൾ**

വെളി.2:7-ൽ ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിലുള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും. വെളി.2:11-ൽ ജയിക്കുന്നവന് രണ്ടാംമരണത്താൽ ദോഷം വരികയില്ലെന്ന് പറയുന്നു. വെളി.2:17 അനുസരിച്ച് മറഞ്ഞിരിക്കുന്ന മന്നയും, വെള്ളക്കല്ലും, വെള്ളക്കല്ലിൽ പേരു കൊത്തിയും, ജയിക്കുന്നവന് ജാതികളുടെ മേൽ അധികാരവും, വെള്ളയുടുപ്പും ആലയത്തിന്റെ തൂണും ആക്കുന്നതുകൂടാതെ വെളി.3:21 അനുസരിച്ച് ദൈവത്തോടു കൂടെ സിംഹാസനത്തിങ്കൽ ഇരിക്കാനുള്ള വരവും ലഭിക്കും." "ജയിക്കുന്നവന് ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നൽകും; ഞാനും ജയിച്ച് എന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതു പോലെതന്നെ." 2 തിമൊ.2:11,12,13-ൽ "നാം അവനോടുകൂടി മരിച്ചു എങ്കിൽ കൂടെ ജീവിക്കും. സഹിക്കുന്നു എങ്കിൽ കൂടെ വാഴും. നാം തള്ളിപ്പറയും എങ്കിൽ അവൻ നമ്മെയും





To Help us (only in india)

ഇന്ത്യയ്ക്കകത്തു നിന്നുമുള്ള സാമ്പത്തിക സഹായങ്ങൾ ഞങ്ങളുടെ ഈ അക്കൗണ്ടിലേയ്ക്ക് മാത്രം അയച്ചു തരിക

ചർച്ച് ഓഫ് ഇറ്റേണിറ്റി
A/c No: 1034 0100 205 721
ഫെഡറൽ ബാങ്ക്, തൃക്കാക്കര ബ്രാഞ്ച്,
എറണാകുളം, IFSC Code : FDRL 000 1034

Church of Eternity
A/c No: 1034 0100 205 721
Federal bank, Trikkakkara Branch
Ernakulam, IFSC Code : FDRL 000 1034

# മഹോപദ്രവകാലം
# GREAT TRIBULATION PERIOD

തള്ളിപ്പറയും. നാം അവിശ്വസ്തരായിത്തീർന്നാലും അവൻ വിശ്വസ്തനായി പാർക്കുന്നു. തന്റെ സ്വഭാവം ത്യജിപ്പാൻ അവന് കഴിയുകയില്ലല്ലോ. ഈ വചനം വിശ്വാസ യോഗ്യമാകുന്നു."

**കുഞ്ഞാടിന്റെ കല്യാണം**

യേശുക്രിസ്തു നമ്മുടെ മണവാളനാണ് (Bridegroom); നാം മണവാട്ടിയും (Bride). 2 കൊരി.11:2-ൽ "ഞാൻ നിങ്ങളെക്കുറിച്ച് ദൈവത്തിന്റെ എരിവോടെ എരിയുന്നു; ഞാൻ ക്രിസ്തു എന്ന ഏകപുരുഷന് നിങ്ങളെ നിർമ്മലകന്യകയായി ഏല്പിപ്പാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു." ക്രിസ്തു എന്ന ആത്മമണവാളന് മാത്രമല്ല മണവാട്ടിക്കും മരണമില്ല; നിത്യതയോളം എത്തുന്ന ആത്മീയവിവാഹബന്ധം. വെളി.1:18-ൽ "ഞാൻ മരിച്ചവനായിരുന്നു, എന്നാൽ ഇതാ എന്നന്നേയ്ക്കും ജീവിച്ചിരിക്കുന്നു. മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ട്". യോഹ.11:6-ൽ മണവാട്ടിക്കും മരണമില്ലെന്നുണ്ട്. എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കുകയില്ല; ഇത് നീ വിശ്വസിക്കുന്നുവോ എന്നു പറഞ്ഞു. യേശുക്രിസ്തുവും അവന്റെ യഥാർത്ഥ അനുയായികളും സ്വർഗ്ഗത്തിൽ ഒരുമിച്ച് സമാഗമിക്കുന്നു; ആ സവിശേഷമായ ആത്മീയസമാഗമത്തിന്റെ പേരാണ് കുഞ്ഞാടിന്റെ കല്യാണം. നമുക്കായി യാഗമായിത്തീർന്ന കുഞ്ഞാടണല്ലോ യേശുക്രിസ്തു. അതുകൊണ്ടാണ് കുഞ്ഞാടിന്റെ കല്യാണം എന്നു പറയുന്നത്. യേശുക്രിസ്തുവിന്റെ മണവാട്ടിയാകാനുള്ള ആഹ്വാനം തന്നെയാണ് സത്യസുവിശേഷം. സത്യസുവിശേഷം കേട്ട് മറ്റ് പലതിന്റെയും അടിമയായിരുന്ന മനുഷ്യാത്മാവ് (പാപം, പിശാച്, ലോകമോഹങ്ങൾ) യേശുക്രിസ്തുവിനെ ഇഷ്ടപ്പെട്ട് രക്ഷിതാവായി സ്വീകരിക്കുന്നു. എപ്പോഴാണൊ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്ന ദിവസം അന്നാണ് വിവാഹനിശ്ചയദിവസം. സ്നാനസമയം മനസമ്മതസമയവും. പിന്നെ വിവാഹം നടക്കുന്നിടം വരെ ഒരുക്കകാലമാണ്. വെളി.19:7-ൽ "നാം സന്തോഷിച്ചുല്ലസിച്ച് അവന് മഹത്വം കൊടുക്കുക; കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ. അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു; മാത്രമല്ല 1 യോഹ.3:3-ൽ "അവനിൽ ഈ പ്രത്യാശയുള്ളവനെല്ലാം അവൻ നിർമ്മലനായിരിക്കുന്നതുപോലെ തന്നെത്തന്നെ നിർമ്മലീകരിക്കുന്നു. വരൻ നിർമ്മലനായിരിക്കുന്നതുപോലെ വധുവും നിർമ്മലയാണ്. യഥാർത്ഥ പരിശുദ്ധി കാത്തുസൂക്ഷിച്ച വധുവിനെ (വാചകക്കസർത്തുകൊണ്ടും പ്രവചനക്കസർത്തുകൊണ്ടും അല്ല) ദുഷ്ടൻ തൊടുകയുമില്ല." ദൈവത്തിൽ നിന്ന് ജനിച്ചവൻ തന്നെത്താൻ സൂക്ഷിക്കുന്നു. ദുഷ്ടൻ അവനെ തൊടുന്നതുമില്ല" (1 യോഹ.5:18). യൂദാ.21-ൽ "ദൈവസ്നേഹത്തിൽ നിങ്ങളെത്തന്നെ സൂക്ഷിച്ചുകൊൾവിൻ" എന്നും ഉണ്ടല്ലൊ.

മണവാട്ടിസഭയുടെ അംഗമാകുവാൻ വരിക എന്ന ക്ഷണം, സുവിശേഷ പ്രഘോഷണത്തിലൂടെയും ഗാനാരാധനയിലൂടെയും പ്രാർത്ഥനയിലൂടെയും മണവാട്ടിസഭ (യഥാർത്ഥ വിശ്വാസികൾ) നൽകുന്നു. എബ്രാ.7:26-ൽ യഥാർത്ഥമണവാളനെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ആ പദങ്ങളെല്ലാം ക്രിസ്തുവിന് യോജിച്ചിരിക്കുന്നു. "ഇങ്ങനെയുള്ള മഹാപുരോഹിതനല്ലോ നമുക്ക് വേണ്ടിയത്: പവിത്രൻ, നിർമ്മലൻ, നിർദ്ദോഷൻ, പാപികളോട് വേറുവിട്ടവൻ, സ്വർഗ്ഗത്തെക്കാൾ ഉന്നതനായിത്തീർന്നവൻ." യെശ.61:10-ൽ വിവാഹപ്പുടവ ഏതെന്ന് പറഞ്ഞിരിക്കുന്നു. "ഞാൻ യഹോവയിൽ ഏറ്റവും ആനന്ദിക്കും. എന്റെ ഉള്ളം എന്റെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും; മണവാളൻ തലപ്പാവ് അണിയുന്നതുപോലെയും മണവാട്ടി ആഭരണങ്ങളാൽ തന്നെത്താൻ അലങ്കരിക്കുന്നതുപോലെയും അവൻ എന്നെ രക്ഷാവസ്ത്രം ധരിപ്പിച്ചു, നീതി എന്ന അങ്കി ഇടുവിച്ചിരിക്കുന്നു."

ഈ രക്ഷാവസ്ത്രം ആണ് വിവാഹപ്പുടവ. വെളി.19:8 പരിശോധിക്കാം. "അവൾക്കു ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിപ്പാൻ കൃപ ലഭിച്ചിരിക്കുന്നു; ആ വിശേഷവസ്ത്രം വിശുദ്ധന്മാരുടെ നീതിപ്രവൃത്തികൾ തന്നെ." പക്ഷേ നമ്മുടെ നീതിപ്രവൃത്തി എന്നു പറയുന്നത് ക്രിസ്തുവിശ്വാസത്തിന്റെ പാരമ്യത്തിലെത്തിക്കുന്ന വിശ്വാസംവഴി കൃപയാലുള്ള നീതിപ്രവൃത്തികളാണ്.

**വിവാഹവിരുന്നും ഭക്ഷണവും**

വെളി. 2:7 അനുസരിച്ച് ദൈവത്തിന്റെ പറുദീസയിലുള്ള ജീവവൃക്ഷത്തിന്റെ ഫലം, സ്വർഗ്ഗത്തിൽ ജീവവൃക്ഷത്തിന്റെ ഫലം ചേർത്തുള്ള വിവാഹവിരുന്ന് കഴിക്കുമ്പോൾ

# മഹോപദ്രവകാലം
# GREAT TRIBULATION PERIOD

ഭൂമിയിലും സദ്യ എല്ലാവർക്കും വിളമ്പും. വെളി.19:17,18 – "ഒരു ദൂതൻ സൂര്യനിൽ നിൽക്കുന്നത് ഞാൻ കണ്ടു. അവൻ ആകാശമദ്ധ്യേ പറക്കുന്ന സകലപക്ഷികളോടും; രാജാക്കന്മാരുടെ മാംസവും സഹസ്രാധിപന്മാരുടെ മാംസവും വീരന്മാരുടെ മാംസവും കുതിരകളുടെയും കുതിരപ്പുറത്തിരിക്കുന്നവരുടെയും മാംസവും സ്വതന്ത്രന്മാരും ദാസന്മാരും ചെറിയവരും വലിയവരുമായ എല്ലാവരുടെയും മാംസവും തിന്മാൻ മഹാദൈവത്തിന്റെ അത്താഴത്തിന് വന്നുകൂടുവിൻ എന്ന് ഉറക്കെപ്പറഞ്ഞു." ഇത് മഹാദൈവത്തിന്റെ അത്താഴമത്രേ. ഭൂമിയിലെ അന്നത്തെ പാപികളായ മനുഷ്യരുടെ മാംസം ആകാശത്തിലെ പക്ഷികൾക്ക് ദൈവം നല്കുമെന്നത്രേ. വെളി.19:18 പറയുന്നത്. വെളി.19:20,21 കേൾക്കണ്ടെ? "മൃഗത്തെയും അതിന്റെ മുമ്പാകെ താൻ ചെയ്ത അടയാളങ്ങളാൽ മനുഷ്യരെ ചതിച്ചു മൃഗത്തിന്റെ (അന്തിക്രിസ്തുവിന്റെ) മുദ്ര ഏൽപ്പിക്കുകയും അതിന്റെ പ്രതിമയെ നമസ്ക്കരിപ്പിക്കുകയും ചെയ്ത കള്ളപ്രവാചകനെയും പിടിച്ചുകെട്ടി ഇരുവരെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ ജീവനോടെ തള്ളിക്കളഞ്ഞു. ശേഷിച്ചവരെ കുതിരപ്പുറത്തിരി ക്കുന്നവന്റെ വായിൽ നിന്ന് പുറപ്പെടുന്ന വാൾകൊണ്ട് കൊന്നു. അവരുടെ മാംസം തിന്ന് സകല പക്ഷികൾക്കും തൃപ്തി വന്നു'' എതിർക്രിസ്തുവിന്റെ അനുയായികളുടെയും ആശയം കൊണ്ടും ആയുധംകൊണ്ടും യേശുവിനെതിരെ പോരാടുന്ന സകലരുടെയും മാംസം തിന്ന് അന്ന് സകല പക്ഷികൾക്കും തൃപ്തി വരും.

കാൽവരിക്രൂശിൽ നമുക്കായി യാഗമായി നൽകിയ തന്റെ ശരീരവും രക്തവുമാണ് യേശുക്രിസ്തു എന്ന മണവാളൻ തന്റെ വധുവിന് നൽകിയ സ്ത്രീധനം (അന്ന് വധുവല്ല സ്ത്രീധനം നൽകുന്നത്, വരനാണ്). 1 പത്രൊ.1:18,19– ''വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽനിന്ന് നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി, മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തുവെന്ന നിർദ്ദോഷവും, നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തംകൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലൊ". 1 കൊരി.6:19–ൽ "നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കുന്നു"എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

## വധൂവരന്മാർ ഒന്നിച്ചുള്ള ജീവിതം

സദൃശ.31:25–ൽ "ബലവും മഹിമയും അവളുടെ ഉടുപ്പ്; ഭാവികാലമോർത്ത് അവൾ പുഞ്ചിരിയിടുന്നു." കുഞ്ഞാടിന്റെ കല്യാണം വരാൻ അടുത്തതിൽ നാമോരോരുത്തരും സന്തോഷിക്കുക തന്നെ വേണം. ക്രിസ്തുവും തന്റെ വിശുദ്ധഗണവും തമ്മിലുള്ള ആത്മീയവിവാഹം. പിന്നെ നാമെല്ലാവരും യേശുക്രിസ്തുവിനോട് ചേർന്ന് നിത്യയുഗങ്ങൾ ആനന്ദത്തോടെ ഇണപിരിയാതെ ജീവിക്കും. മാത്രമല്ല, മറ്റുള്ളവരെകൂടി ക്രിസ്തുവിന്റെ മണവാട്ടിപദത്തിലേക്ക് ക്ഷണിക്കുകയും ചെയ്യണം. അങ്ങനെ സഭ ഒരുസംഘാത മണവാട്ടിയായിക്കൊള്ളും.

## ഏകലോകസഭ

ക്രിസ്തുവിന്റ ശരീരമെന്നും ക്രിസ്തുവിന്റെ മണവാട്ടി എന്നുമാണ് സഭയെ ശരിക്കും വിളിക്കേണ്ടത്. യഥാർത്ഥ സഭ മഹാപീഡനത്തിലൂടെ കടക്കേണ്ടി വരികയില്ല. യഥാർത്ഥസഭ (മണവാട്ടിസഭ) ക്രിസ്തുവിന്റെ രണ്ടാംവരവിന്റെ ആദ്യദളമായ മേഘപ്രത്യക്ഷതയിൽ എടുക്കപ്പെടും. സഭയെന്ന പേരിലറിയപ്പെടുന്ന മറ്റൊരു വലിയ ജനാവലി (വിവിധ പൗരോഹിത്യ സഭകൾ, പഴയനിയമത്തിന് അമിത സ്ഥാനം കൊടുക്കുന്നവർ, പരിശുദ്ധാത്മാവിനെയും അവന്റെ പ്രവർത്തനങ്ങളെയും തള്ളിപ്പറയുന്ന ജനക്കൂട്ടം) മഹാപീഡനത്തിലൂടെ കടന്നുപോകുവാൻ ഈ ഭൂമിയിൽ അവശേഷിക്കും. മഹാപീഡനത്തിന്റെ ആരംഭത്തിൽ നിലവിൽ വരുന്ന ഏകലോകമതമാണത്. വിശ്വാസത്യാഗിനിയായ ഈ കൂട്ടത്തെ വെളി. 17:5–ൽ ''മർമ്മം: മഹതിയാം ബാബിലോൺ; വേശ്യമാരുടെയും മ്ലേച്ഛതകളുടെയും മാതാവ്" എന്നത്രേ വിളിക്കുന്നത്. യേശുവിന്റെ സാക്ഷികളായ വിശുദ്ധന്മാരുടെ രക്തം കുടിച്ച് അവൾ മത്തയായിരിക്കുകയാണ്. വെളി.17:5–ലെ പേർ അവളുടെ നെറ്റിമേൽ എഴുതിയിരിക്കുകയാണ്. ഏഴ് തലയും പത്ത് കൊമ്പുമുള്ള മൃഗം അവളെ ചുമക്കുന്നു. പണ്ട് റോമാസഭയെ മഹതിയാം ബാബിലോൺ എന്ന് പരക്കെ വിളിച്ചിരുന്നു. ഏകലോകസഭ എന്നത് ഈ മാർഗ്ഗീയ ബാബിലോണിന്റെ പ്രാഗ്‌രൂപം മാത്രമാണ്. എല്ലാ നാമധേയ സഭകളും ഇതരമതങ്ങളും റോമൻ കത്തോലിക്കാ മതവും കാലാന്തരത്തിൽ എല്ലാം ചേർന്ന് ഏകലോകസഭ

# മഹോപദ്രവകാലം
# GREAT TRIBULATION PERIOD

യുണ്ടായെന്നിരിക്കും. 1938-ൽ ഒരു താൽക്കാലിക എക്യുമെനിക്കൽ ലോകസഭ നിലവിൽ വന്നു. 1940-ൽ ലോകസഭാകൗൺസിലിംഗിന് രൂപം കൊടുത്തു. ഉത്പ്രാപണസമയത്ത് സത്യവിശ്വാസികളെല്ലാം എടുക്കപ്പെടുമല്ലൊ. ഉപേക്ഷിക്കപ്പെട്ട നാമധേയ ക്രൈസ്തവർ മുഴുവനും ഏകലോകസഭയുടെ അംഗങ്ങളായി മാറും. യഥാർത്ഥസഭയുടെ ഉത്പ്രാപണത്തോടെ ഭൂമിയിൽ മഹാപീഡനമാരംഭിക്കും. മഹാപീഡനത്തിന്റെ കാലയളവ് ദാനിയേൽ പ്രവചനത്തിലെ എഴുപത് ആഴ്ചകളിൽ എഴുപതാമത്തേതാണ്. അത് ഏഴ് വർഷമാണ്. മൂന്നര വീതം രണ്ടായി തിരിക്കാം. ആദ്യത്തെ മൂന്നര വർഷം ചെറുപീഡനമേ ഉണ്ടാകൂ. പീഡനത്തിന്റെ ഉച്ചസ്ഥായി രണ്ടാംഭാഗത്താണ്. അധർമ്മമൂർത്തിയായ അന്തിക്രിസ്തുവിന്റെ പ്രത്യക്ഷതയാണ് ഈ കാലയളവിലെ പ്രധാന സംഭവം.

**മഹോപദ്രവകാലം (The Great Tribulation)**

ലോകമെങ്ങും വരുവാനിരിക്കുന്ന ഏഴ് വർഷത്തെ ഒരു പീഡനകാലമുണ്ട് - അതാണ് മഹാപീഡനകാലം.

ക്രിസ്തുവിന്റെ രണ്ടാംവരവോടെ (മേഘപ്രത്യക്ഷത) സഭ, യഥാർത്ഥസഭ എടുക്കപ്പെടുമെന്ന് നാം കണ്ടുകഴിഞ്ഞു. അതിനുശേഷം എതിർക്രിസ്തുവിന്റെ ഭരണം ഭൂമിയിൽ സ്ഥാപിതമാകും. അത് ഏഴ് വർഷമായിരിക്കും. അതിൽ ആദ്യത്തെ മൂന്നര വർഷം എതിർക്രിസ്തു രക്ഷകനാണെന്ന് ഭാവിപ്പിച്ചുകൊണ്ട് തന്ത്രപൂർവ്വം ഭരണം നടത്തും. എന്നാൽ പിന്നീടുള്ള മൂന്നര വർഷം കഠിനമായ കഷ്ടതകൾ അരങ്ങേറുകതന്നെ ചെയ്യും.

മത്താ.24:15 മുതൽ മഹോപദ്രവത്തിൽ സംഭവിക്കുന്ന പ്രത്യേക അടയാളങ്ങളെക്കുറിച്ച് യേശുക്രിസ്തു സംസാരിക്കുന്നു. 15 - "എന്നാൽ ദാനിയേൽ പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതുപോലെ ശൂന്യമാക്കുന്ന മ്ലേച്ഛത വിശുദ്ധ സ്ഥലത്ത് നിൽക്കുന്നത് നിങ്ങൾ കാണുമ്പോൾ - വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ"! 16 - "അന്ന് യഹൂദ്യയിലുള്ളവർ മലകളിലേക്ക് ഓടിപ്പോകട്ടെ. 17. വീട്ടിന്മേലിരിക്കുന്നവൻ വീട്ടിലുള്ളത് എടുക്കേണ്ടതിന് ഇറങ്ങരുത്. 18. വയലിലുള്ളവൻ വസ്ത്രം എടുക്കാൻ മടങ്ങിപ്പോകരുത്. 19. ആ കാലത്ത് ഗർഭിണികൾക്കും മുലകുടിപ്പിക്കുന്നവർക്കും അയ്യോ കഷ്ടം! 20. എന്നാൽ നിങ്ങളുടെ ഓടിപ്പോക്ക് ശീതകാലത്തിലൊ ശബ്ബത്തിലൊ സംഭവിപ്പാതിരിപ്പാൻ പ്രാർത്ഥിപ്പിൻ. 21. ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതുമായ വലിയ കഷ്ടം അന്നുണ്ടാകും."

**മഹാകഷ്ടകാലം**

മഹാകഷ്ടകാലം എന്നും യാക്കോബിന്റെ കഷ്ടകാലം എന്നും (യിര.30:7) പ്രതികാരകാലം എന്നും (ലൂക്കോ.21:22; എബ്രാ.10:30) പരീക്ഷാകാലം എന്നും (വെളി.6:12-17)

**വിദേശത്തുനിന്നും ആത്മാഭിഷേകം പ്രോഗ്രാമുകളെ സഹായിക്കുവാൻ ആഗ്രഹിക്കുന്നവർ ദയവായി താഴെ എഴുതിയ കാര്യങ്ങൾ ശ്രദ്ധിക്കണമെ**

**വിദേശകറൻസി ആയിട്ടു മാത്രം സഹായം സ്വീകരിക്കാവുന്ന FCRA അക്കൗണ്ട് (ഇന്ത്യൻ കറൻസിയൊ കൺവർട്ട് ചെയ്ത ഇന്ത്യൻ മണിയൊ അയയ്ക്കാൻ പാടില്ല)**

| | | |
|---|---|---|
| Account name | : | Church of Eternity |
| Account No. | : | 5020 0000 967756 |
| Bank Name | : | HDFC |
| Branch | : | Vazhakala, Ernakulam, Kerala, S.India |
| IFSC Code | : | HDFC 000 1508 |
| SWIFT Code | : | HDFC INBB |
| FCRA No. | : | 052 850 563 (Current Account) |

**ട്രസ്റ്റുകളുടെ പേരിൽ സഹായം അയയ്ക്കുവാൻ അനുവാദമില്ലാത്ത രാജ്യങ്ങളിൽ നിന്നും ഇന്ത്യൻ മണിയിലേക്ക് കൺവർട്ട് ചെയ്ത് ഈ അക്കൗണ്ടിലേക്ക് അയയ്ക്കാവുന്നതാണ്.**

| | | |
|---|---|---|
| Account name | : | Devasia M.V |
| Account No. | : | 10340100190147 |
| Bank Name | : | Federal Bank |
| Branch | : | Thrikkakara, Ernakulam, kerala, S.India |
| IFSC Code | : | FDRL 0001034 |
| SWIFT Code | : | FDRLINBBIBD |

# മഹോപദ്രവകാലം
# GREAT TRIBULATION PERIOD

ന്യായവിധിയുടെ നാഴിക (വെളി.14:7, 15:4, 19:2) എന്നും എഴുപതാം ആഴ്ചവട്ടം എന്നും (ദാനി.9:25-27) ഒക്കെ വിളിക്കപ്പെടുന്നു.

രണ്ടാം ലോകമഹായുദ്ധകാലത്തൊ, മത തീവ്രവാദ ഗ്രൂപ്പുകാർ പോലെ ലോകത്തിലവിടവിടായി പലരുണ്ടാക്കുന്ന ക്രൂരമായ നരഹത്യകൾപോലെയൊ, നാം കാണുന്ന ഏതൊരു പീഡനങ്ങളെക്കാൾ വലുതും ഭയങ്കരവുമായിരിക്കും മഹോപദ്രവകാലത്തെ കഷ്ടങ്ങൾ. ദാനിയേൽ പ്രവാചകൻ എഴുപതാം ആഴ്ചവട്ടം എന്നാണ് ഇക്കാലത്തെ വിളിക്കുന്നത്. "അവൻ ഒരാഴ്ചവട്ടത്തേക്ക് പലരോടും നിയമത്തെ കഠിനമാക്കും; ആഴ്ചവട്ടത്തിന്റെ മദ്ധ്യേ അവൻ ഹനനയാഗവും ഭോജനയാഗവും നിർത്തലാക്കിക്കളയും; മ്ലേച്ഛതകളുടെ ചിറകിന്മേൽ ശൂന്യമാക്കുന്നവൻ വരും; നിർണ്ണയിക്കപ്പെട്ടിരിക്കുന്ന സമാപ്തിയോളം ശൂന്യമാക്കുന്നവന്റെമേൽ കോപം ചൊരിയും." ദാനി.9:27 'ഷബുവാ' എന്ന എബ്രായ പദമാണ് ആഴ്ചവട്ടം എന്നതിന് പകരമുപയോഗിക്കുന്നത്. എന്നു പറഞ്ഞാൽ ഒരാഴ്ചവട്ടം ഏഴ് വർഷമാണ്. ഏഴ് ആഴ്ചവട്ടം 490 വർഷവും. 490 വർഷങ്ങളെ മൂന്നായി തിരിച്ചിരിക്കുന്നു. 49, 434, 7 എന്നിങ്ങനെ തിരിച്ചിരിക്കുന്നു.

ആദ്യത്തെ 49 വർഷങ്ങളിൽ നെഹമ്യാവും സെരുബാബേലും കൂടുതൽ വ്യക്തിത്വത്തോടെ പ്രവർത്തിച്ചു. നെഹമ്യാവ് അക്കാലത്ത് മതിൽ പണിതു. സെരുബാബേൽ ദേവാലയം പണിതു. ആത്മീകപുനരുദ്ധാരണം നടത്തിയത് എബ്രായരുടെ നേതൃത്വത്തിലാണ്. ഇക്കാലത്താണ് സെഖര്യാവും ഹഗ്ഗായിയും പ്രവചനങ്ങളിലൂടെ ആ കാലത്തെ ജനത്തെ ആത്മീയമായി ഉണർത്തിക്കൊണ്ടിരുന്നത്. ഇവരെല്ലാവരും ആ കാലഘട്ടത്തിലെ അഭിഷിക്തർ ആയിരുന്നു.

എബ്രാ.10:31-ൽ ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നത് ഭയങ്കരം (It is a dreadfull thing to fall into the hands of the living God) അതിനുശേഷം 62 ആഴ്ചവട്ടം (434 വർഷങ്ങൾ) കഴിഞ്ഞപ്പോൾ അഭിഷിക്തൻ (The Messiah) ഛേദിക്കപ്പെട്ടു. മലാഖിക്ക് ശേഷം 400-ഓളം വർഷങ്ങൾ ഒരു നീണ്ട ഇടവേള. കാര്യമായ സുവിശേഷസംഭവങ്ങളൊന്നുമില്ലാതെ കടന്നുപോയപ്പോൾ ആദ്യം സ്നാപക യോഹന്നാനും ഒപ്പം അഭിഷിക്തനായ ക്രിസ്തുവും വന്നു, ക്രിസ്തു രക്ഷകനായി. ആ യേശുക്രിസ്തു തന്റെ 34-ാം വയസ്സിൽ ഛേദിക്കപ്പെട്ടു, പ്രവചനപ്രകാരം. അപ്പോൾ 483 വർഷങ്ങൾ കഴിഞ്ഞു. അതാണ് 69 ആഴ്ചവട്ടങ്ങൾ.

ദൈവവചനമനുസരിച്ച് ഇനി 70-ാമത്തെ ആഴ്ചവട്ടമുണ്ട്. ഒരാഴ്ചവട്ടമെന്നാൽ ഏഴ് വർഷമെന്നർത്ഥം. ഈ ഏഴ് വർഷങ്ങളിലാണ് മഹോപദ്രവം നടക്കേണ്ടത്. അന്ന് ക്രിസ്തുവല്ല, എതിർക്രിസ്തുവാണ് ഭരണം നടത്തുന്നത്. ആ എഴ് വർഷത്തിന്റെ മദ്ധ്യത്തിൽ അന്നത്തെ പ്രഭുവും രാജാവുമായ എതിർക്രിസ്തു എന്ന ആന്റിക്രൈസ്റ്റ് നിയമത്തെ വളരെക്കൂടുതൽ കഠിനമാക്കും.

**മഹോപദ്രവം വരുന്ന ഇടങ്ങൾ**

യെശ. 28:22-ൽ "ആകയാൽ നിങ്ങളുടെ ബന്ധനങ്ങൾ മുറുകിപ്പോകാതെയിരിക്കേണ്ടതിന് നിങ്ങൾ പരിഹാസികളായിരിക്കരുത്. സർവ്വഭൂമിയിലും വരുവാൻ നിർണ്ണയിച്ചിട്ടുള്ള ഒരു സംഹാരത്തെക്കുറിച്ച് ഞാൻ സൈന്യങ്ങളുടെ യഹോവയായ കർത്താവിങ്കൽനിന്ന് കേട്ടിരിക്കുന്നു" തീർച്ചയായും, സർവ്വഭൂമിയിലും മഹോപദ്രവകാലമുണ്ടാകും. സെഫ.1:16-18-ൽ "ഉറപ്പുള്ള പട്ടണങ്ങൾക്കും ഉയരമുള്ള കൊത്തളങ്ങൾക്കും വിരോധമായി കാഹളനാദവും ആരവവുമുള്ള ദിവസം തന്നെ. മനുഷ്യൻ കുരുടന്മാരോപ്പോലെ നടക്കത്തക്കവണ്ണം ഞാൻ അവർക്ക് കഷ്ടത വരുത്തും; അവർ യഹോവയോട് പാപം ചെയ്തുവല്ലൊ; അവരുടെ രക്തം പൊടിപോലെയും അവരുടെ മാംസം കാഷ്ഠംപോലെയും ചൊരിയും. യഹോവയുടെ ക്രോധദിവസത്തിൽ അവരുടെ വെള്ളിക്കും പൊന്നിനും അവരെ രക്ഷിപ്പാൻ കഴിയുകയില്ല. സർവ്വഭൂമിയും അവന്റെ തീക്ഷ്ണതാഗ്നിക്ക് ഇരയായിത്തീരും. സകല ഭൂവാസികൾക്കും അവൻ ശീഘ്രസംഹാരം വരുത്തും." മഹാപീഡനകാലത്തെ കഷ്തകൾ പറയുമ്പോൾ ലൂക്കോ.21-ൽ 29 മുതലുള്ള തിരുവചനങ്ങൾ: "ഒരു ഉപമയും അവരോട് പറഞ്ഞത്: അത്തി മുതലായ സകല വൃക്ഷങ്ങളെയും നോക്കുവിൻ, അവ തളിർക്കുന്നത് നിങ്ങൾ കാണുമ്പോൾ വേനൽ അടുത്തിരിക്കുന്നു എന്ന് സ്വതവേ അറിയുന്നുവല്ലൊ. അവ്വണ്ണം തന്നെ ഇത് സംഭവിക്കുന്നത് കാണുമ്പോൾ ദൈവരാജ്യം അടുത്തിരിക്കുന്നു എന്ന് ഗ്രഹിപ്പിൻ. സകലവും സംഭവിക്കുവോളം ഈ തലമുറ

# മഹോപദ്രവകാലം
# GREAT TRIBULATION PERIOD

ഒഴിഞ്ഞുപോവുകയില്ല എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു. ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും. എന്റെ വചനങ്ങളൊ ഒഴിഞ്ഞുപോവുകയില്ല".

34. ''നിങ്ങളുടെ ഹൃദയം അതിഭക്ഷണത്താലും മദ്യപാനത്താലും ഉപജീവനചിന്തകളാലും ഭാരപ്പെട്ടിട്ട് ആ 'ദിവസം' നിങ്ങൾക്ക് പെട്ടെന്ന് കെണിപോലെ വരാതിരിപ്പാൻ സൂക്ഷിച്ചുകൊള്ളുവിൻ. അത് സർവ്വഭൂതലത്തിലും വസിക്കുന്ന ഏവർക്കും വരും. ആകയാൽ ഇത് സംഭവിപ്പാനുള്ള എല്ലാറ്റിനും ഒഴിഞ്ഞുപോകുവാൻ മനുഷ്യപുത്രന്റെ മുമ്പിൽ നിൽപ്പാനും നിങ്ങൾ പ്രാപ്തരാകേണ്ടതിന് സദാകാലവും ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പിൻ." അതേ സർവ്വഭൂതലത്തിലുമുള്ള എല്ലാവർക്കും അനുഭവിപ്പാനുള്ളതാണ് മഹോപദ്രവകാലം.

**യഥാർത്ഥസഭയും മഹോപദ്രവും**

യഥാർത്ഥസഭയെ ക്രിസ്തുവിന്റെ രണ്ടാംവരവിന്റെ ഒന്നാംഘട്ടമായ മേഘപ്രത്യക്ഷതയിൽ, യേശു എടുത്തു കൊണ്ടുപോകും എന്നതിനാൽ യഥാർത്ഥസഭയ്ക്ക് മഹോപദ്രവ പീഡയുണ്ടാവുകയില്ല. വെളി.3:10-ൽ ''സഹിഷ്ണുത യെക്കുറിച്ചുള്ള എന്റെ വചനം നീ കാത്തുകൊണ്ടതിനാൽ ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കേണ്ടതിന് ഭൂതലത്തി ലെങ്ങും വരുവാനുള്ള പരീക്ഷാകാലത്ത് ഞാനും നിന്നെ കാക്കും.

വെളി.14:7-ൽ "ദൈവത്തെ ഭയപ്പെട്ട് അവന് മഹത്വം കൊടുപ്പിൻ. അവന്റെ ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നു; ആകാശവും ഭൂമിയും സമുദ്രവും നീരുറവകളും ഉണ്ടാക്കിയവനെ നമസ്ക്കരിപ്പിൻ." പുതിയനിയമം നമുക്കുറപ്പ് നൽകുകയാണ് "യേശുക്രിസ്തുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയുമില്ല" എന്ന് (റോമ.8:1). യേശു തന്റെ രക്തത്താൽ സഭയെ വീണ്ടെടുത്തത് മഹാകോപദിവസ ത്തിനായിട്ടല്ല, ഏറ്റവും സന്തോഷകര മായ കല്യാണാഘോഷ മഹാദിനത്തിനായിട്ടാണ്. ന്യായവിധിയുടെ പ്രളയം വരുന്നതിനുമുമ്പെ, വിശ്വസിച്ച നോഹയെയും കുടുംബത്തെ യും പെട്ടകത്തിൽ കയറ്റി ന്യായവിധിയലകപ്പെടാതെ ദൈവം സൂക്ഷിച്ച കാര്യം ലൂക്കോസിൽ പരിശുദ്ധാത്മാവ് എഴുതിവെച്ചു. "നോഹയുടെ കാലത്ത് സംഭവിച്ചതുപോലെ മനുഷ്യപുത്രന്റെ നാളിലുമുണ്ടാകും. നോഹ പെട്ടകത്തിൽ കടന്ന നാൾവരെ അവർ തിന്നും കുടിച്ചും വിവാഹംകഴിച്ചും വിവാഹത്തിന് കൊടുത്തും പോന്നു, ജലപ്രളയം വന്നു, അവരെയെല്ലാ വരെയും മുടിച്ചുകളഞ്ഞു" (17:26,27). എന്നാൽ നോഹ യെയും കുടുംബത്തെയും കർത്താവ് വൻവിജയ ത്തിലേക്ക് രക്ഷിച്ചെടുത്തു. ഇതുപോലെ യഥാർത്ഥസഭയെ നമ്മുടെ കർത്താവ് മഹോപദ്രവം കാണാതെ രക്ഷിക്കുക തന്നെ ചെയ്യും.

മഹോപദ്രവകാലത്ത് ന്യായവിധി വന്ന് ഭവിക്കുന്നതിന് മുമ്പെ യഥാർത്ഥ വിശുദ്ധന്മാരെ അവിടുന്ന് ഭൂമിയിൽ നിന്ന് മാറ്റുകയുണ്ടായി. എങ്ങനെയെന്നാൽ, പഴയനിയമത്തിൽ അതിനൊരു നിഴലുണ്ട്, പക്ഷെ പുതിയനിയമത്തിൽ അതിന് ആവശ്യമായ വചനവും നൽകിയിട്ടുണ്ട്. ''ലോത്തിന്റെ കാലത്ത് സംഭവിച്ചതുപോലെയും തന്നെ; അവർ തിന്നും കുടിച്ചുംകൊണ്ടും വിറ്റും നട്ടും പണിതും പോന്നു. എന്നാൽ ലോത്ത് സോദാം വിട്ട നാളിൽ ആകാശത്തുനിന്ന് തീയും ഗന്ധകവും പെയ്ത് എല്ലാവരെയും മുടിച്ചുകളഞ്ഞു. മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ അവ്വണ്ണംതന്നെയാകും" (ലൂക്കോ.17:28,29,30).

**മഹോപദ്രവകാലത്തെ മഹാകഷ്ടങ്ങൾ**

വെളിപാട് പുസ്തകത്തിലെ 6 മുതൽ 19 വരെയുള്ള അദ്ധ്യായങ്ങളിൽ വിശദമായി എഴുതിയിരിക്കുന്നു മഹാകഷ്ടങ്ങളോരോന്നോരോന്നായി.

1. മനുഷ്യർ തമ്മിൽ തമ്മിൽ കൊല്ലും. യുദ്ധത്തിന്റെ ദാരുണരംഗത്തെയാണ് ചുവന്ന കുതിര പ്രതിനിധാനം ചെയ്യുന്നത് (വെളി.6:4).

2. വിലക്കയറ്റം ശക്തമായുണ്ടാകും. കറുത്ത കുതിര ക്ഷാമത്തെ പ്രതിനിധീകരിക്കുന്നു (വെളി.6:5,6). ലോകമെങ്ങും മനുഷ്യർ വിശപ്പുകൊണ്ട് തളർന്നുപോകും.

3. വാൾ, ക്ഷാമം, മഹാരോഗങ്ങൾ, കാട്ടുമൃഗങ്ങൾ മൂലമുള്ള മരണങ്ങൾ എന്നിവ സംഭവിക്കും (വെളി.6:7,8). മഞ്ഞനിറമുള്ള കുതിരയും യുദ്ധത്തിന്റെയും ക്ഷാമത്തിന്റെയും പ്രാതിനിധ്യ മുള്ളവയാണ്.

4. സൂര്യൻ കരിമ്പടംപോലെ കറക്കും. ചന്ദ്രൻ രക്തതുല്യമായി മാറും. വെളി.6:12-14. "ആറാം മുദ്ര പൊട്ടിച്ചപ്പോൾ വലിയൊരു ഭൂകമ്പമുണ്ടായി. സൂര്യൻ

കരിമ്പടം പോലെ കറുത്തു; ചന്ദ്രൻ മുഴുവനും രക്തതുല്യമായി തീർന്നു. അത്തിവൃക്ഷം പെരുങ്കാറ്റുകൊണ്ട് കുലുങ്ങിയിട്ട് കായ് ഉതിർക്കുംപോലെ ആകാശത്തിലെ നക്ഷത്രങ്ങൾ ഭൂമിയിൽ വീണു. പുസ്തകച്ചുരുൾ ചുരുട്ടുംപോലെ ആകാശം മാറിപ്പോയി. എല്ലാ മലയും ദ്വീപും സ്വസ്ഥാനത്തുനിന്ന് ഇളകിപ്പോയി.

5. കല്മഴയും തീയും വീഴുന്നു:"ഒന്നാമത്തവൻ ഊതി; അപ്പോൾ രക്തം കലർന്ന കന്മഴയും തീയും ഭൂമിമേൽ ചൊരിഞ്ഞിട്ട് മൂന്നിലൊന്ന് വെന്തുപോയി വൃക്ഷങ്ങളിൽ മൂന്നിലൊന്ന് വെന്തുപോയി; എല്ലാ പച്ചപ്പുല്ലും വെന്തുപോയി" (വെളി.8:7).

6. കാഞ്ഞിരമെന്ന നക്ഷത്രം നദികളിൽ വീണ് വെള്ളത്തിന്റെ മൂന്നിലൊന്ന് കയ്പ്പാകും. അനേകം മനുഷ്യർ മരിച്ചുപോകും. (വെളി.8:10,11).

7. സൂര്യനും ചന്ദ്രനും ചില നക്ഷത്രങ്ങൾക്കും ബാധ തട്ടും (വെളി.8:12).

8. അഞ്ചാമത്തെ ഒരു ദൂതൻ അഗാധകൂപം തുറക്കുമ്പോൾ ചില ഭൂതങ്ങൾ പുറപ്പെടും. അവയ്ക്ക് തേളിനുള്ള ശക്തിയും മറ്റും കാണും (വെളി.9:1–11).

9. അന്നത്തെ മനുഷ്യരിൽ മൂന്നിലൊന്ന്, ഇരുപത് കോടി വരുന്ന സൈന്യത്താൽ കൊല്ലപ്പെടും (വെളി.9:13–21).

10. സമുദ്രത്തിലും വ്യാപകമരണം (വെളി.16:3). അത്യുഷ്ണം (വെളി.16:8–9) എതിർക്രിസ്തുവിന്റെ സിംഹാസനത്തിൽ വ്യാജന്യായവിധി (വെളി.16:10) ഹർമ്മഗെദ്ദോൻ യുദ്ധം (വെളി.16:12–16) ശക്തമായ ഭൂകമ്പം (വെളി.16:18) മതപരബാബിലോണിന്റെ ന്യായവിധി (വെളി.17) വാണിജ്യ–രാഷ്ട്രീയ ബാബിലോണിന്റെ ന്യായവിധി (വെളി.18) എന്നിങ്ങനെ മഹോപദ്രവകാലത്ത് നാശങ്ങളുടെ ഒരു പരമ്പര തന്നെ നടക്കും.

## വിശ്വാസത്യാഗം വെളിപ്പെടുത്തുന്ന നിഷേധങ്ങൾ

1. ദൈവനിഷേധവും ക്രിസ്തുനിഷേധവും (ലൂക്കോ.17:26. 2 തിമൊ.3:4,5, 1 യോഹ.2:18. 4:3, 2 പത്രൊ.2:6).

2.ക്രിസ്തുവിന്റെ പുനരാഗമനനിഷേധവും വിശ്വാസ നിഷേധവും (1 തിമൊ.4:1–2, യൂദാ.3).

3. പഥ്യോപദേശനിഷേധവും (2 തിമൊ.4:3–4) വേർപാട് ജീവിതനിഷേധവും (2 തിമൊ.3:1–7).

4. അധികാരനിഷേധവും, സാന്മാർഗ്ഗിക ഉപദേശനിഷേധവും (2 തിമൊ.3–4).

5. വിശുദ്ധിയും വേർപാടുമെന്നതാണ് അടിസ്ഥാനപരമായുള്ള നിത്യതാദർശനം. ഇക്കാര്യം നിഷേധിച്ച് എങ്ങനെ ജീവിച്ചാലും കുഴപ്പമില്ല എന്ന് സ്വയം തീരുമാനിച്ച് നിയന്ത്രണാതീതമായി ജീവിക്കുന്നതാണ്, അഞ്ചാമത്തെ നിഷേധിക്കൽ. 2 തിമൊ.3–ാം അദ്ധ്യായത്തിൽ 1 മുതൽ 10 വരെയുള്ള വചനങ്ങൾ കുറിയ്ക്കാം. "അന്ത്യകാലത്ത് ദുർഘടസമയങ്ങൾ വരും എന്ന് അറിക. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും, നന്ദികെട്ടവരും, അശുദ്ധരും, വാത്സല്യമില്ലാത്തവും ഇണങ്ങാത്തവരും, ഏഷണിക്കാരും അജിതേന്ദ്രിയന്മാരും ഉഗ്രന്മാരും സത്ഗുണദ്വേഷികളും, ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളുമായി ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും. അങ്ങനെയുള്ളവരെ വിട്ടൊഴിയുക. വീടുകളിൽ നൂണു കടക്കുകയും പാപങ്ങളെ ചുമന്നുകൊണ് നാനാ മോഹങ്ങൾക്കും അധീനരായി എപ്പോഴും പഠിച്ചിട്ടും ഒരിക്കലും സത്യത്തിന്റെ പരിജ്ഞാനം പ്രാപിക്കാൻ കഴിയാത്ത പെണ്ണുങ്ങളെ സ്വാധീനിക്കുകയും ചെയ്യുന്നവർ ഈ കൂട്ടത്തിലുള്ളവരാകുന്നു. യന്നേസും യംബ്രേസും മോശെയോട് എതിർത്ത് നിന്നതുപോലെതന്നെ ഇവരും സത്യത്തോട് മറുത്തുനിൽക്കുന്നു; ദുർബുദ്ധികളും വിശ്വാസം സംബന്ധിച്ച് കൊള്ളരുതാത്തവരുമത്രെ. അവർ അധികം മുഴുക്കയില്ല; മേൽപ്പറഞ്ഞവരുടെ ബുദ്ധികേട് എല്ലാവർക്കും വെളിപ്പെട്ടതുപോലെ ഇവരുടെ ബുദ്ധികേടും വെളിപ്പെടും."

6. മഹോപദ്രവകാലത്ത് ക്രിസ്തീയ സ്വാതന്ത്ര്യത്തെ നിഷേധിക്കുന്നവരുണ്ടാകും. "അവർ പഥ്യോപദേശം കൊടുക്കാതെ, കർണ്ണരസമാകുമാറ്, സ്വന്തമോഹങ്ങൾക്കൊത്തവണ്ണം, ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും, സത്യത്തിന് ചെവി കൊടുക്കാതെ, കെട്ടുകഥ കേൾപ്പാൻ, തിരിയുകയും ചെയ്യുന്ന കാലം വരും" (2 തിമൊ.4:3,4).

7. യൂദാലേഖനം 18–ാം വാക്യത്തിൽ "അന്ത്യകാലത്ത് ഭക്തികെട്ട മോഹങ്ങളെ അനുസരിച്ച് നടക്കുന്ന പരിഹാസികളുണ്ടാകും എന്ന് അവർ നിങ്ങളോട് പറഞ്ഞുവല്ലൊ. അവർ ഭിന്നത ഉണ്ടാക്കുന്നവർ, പ്രാകൃതന്മാർ, ആത്മാവില്ലാത്തവർ." അതായത് യാതൊരു സാന്മാർഗ്ഗിക മൂല്യങ്ങളെയും ഇവർ സ്വീകരിക്കില്ല.




# വാർത്തകൾ

**ഒന്നാം യെരുശലേം ദേവാലയകാലഘട്ടത്തിലെ മുദ്രകൾ കണ്ടെടുത്തു**

യെരുശലേം: ഒന്നാം യെരുശലേം ദേവാലയകാലഘട്ടത്തിൽ ഉപയോഗത്തിലിരുന്ന മുദ്രകൾ പുരാവസ്തുഗവേഷകർ കുഴിച്ചെടുത്തു. യെരുശലേമിലെ ദാവീദിന്റെ നഗരത്തിൽ നാഷണൽ പാർക്കിന് സമീപം നടത്തിയ ഉൽഖനന ത്തിലാണ് വിവിധ തരത്തിലുള്ള മുദ്രകൾ കണ്ടെടുത്തത്.

ഇതിൽ ബൈബിളിൽ പരാമർശിച്ചിരിക്കുന്ന വ്യക്തികളുടെ പേരുകളുമുണ്ട്. കട്ടിയുള്ള കളിമണ്ണിൽ നിർമ്മിച്ച ചെറിയ മുദ്രകളാണ് ഗവേഷകർ കുഴിച്ചെടുത്തത്. ഹീബ്രൂഭാഷയിൽ കൊത്തിവെച്ച പേരുകളിൽ 'Achiav ben Menachem' എന്നപേരുകളുമുണ്ട്. മെനാഖേം യിസ്രായേലിലെ ഒരു രാജാവായിരുന്നു. എന്നാൽ അഹിയാവ് എന്ന പേര് നേരിട്ട് ബൈബിളിൽ കാണുവാൻ സാധിക്കുന്നില്ല.

ഒരു പക്ഷെ ഏലിയാവ് പ്രവാചകന്റെ കാലത്തെ ആഹാബ് രാജാവിന്റെ പേരായിരിക്കാം ഇതെന്ന് ഉൽഖനനത്തിന് നേതൃത്വം നൽകിയ യിസ്രായേൽ ആന്റിക്വിറ്റീസ് അതോറിറ്റിയിലെ ഗവേഷകരായ ഓർട്ടൽ ചലാഫും ഡോജോ ഇസിയേലും അഭിപ്രായപ്പെടുന്നു. ഡസൻ കണക്കിന് മുദ്രകളാണ് കണ്ടെടുത്തതെന്നും ഇവ യഹൂദാരാജാവായ ഹിസ്ക്കിയാവിന്റെ കാലം (700 ബി.സി) മുതൽ യെരുശലേമിന്റെ തകർച്ചാകാലം (586 ബി.സി) വരെ ഉപയോഗിച്ചവയായിരിക്കാമെന്നും ഗവേഷകർ കരുതുന്നു.

ഈ പ്രദേശം അന്ന് ശക്തമായ ഭരണനിർമ്മാണ കേന്ദ്രവും അന്നത്തെ ആളുകൾ പൗരബോധമുള്ളവരായിരുന്നുവെന്നും ഗവേഷകർ അഭിപ്രായപ്പെടുന്നു. മുദ്രകളിൽ ആലേഖനം ചെയ്തിരിക്കുന്ന വാചകങ്ങൾ കൂടുതൽ പഠനത്തിനായി ഉപയോഗിക്കുവാനുള്ള ശ്രമത്തിലാണ് പുരാവസ്തുഗവേഷകർ. പുരാതനകാലം മുതൽ യിസ്രയേൽമക്കൾ അവരുടെ പേരുകൾ ആലേഖനം ചെയ്തിരിക്കുന്ന മുദ്രകൾ ഉപയോഗിച്ചിരുന്നതായി ചരിത്രകാരന്മാർ പറയുന്നു. മാത്രമല്ല യഹോവയായ ദൈവം മോശ മുഖാന്തരം യിസ്രയേൽജനത്തിന് നൽകിയ കല്പനയിൽ മുദ്രയുടെ കാര്യം പ്രത്യേകം പറഞ്ഞിരിക്കുന്നു. "രത്നശില്പിയുടെ പണിയായി മുദ്രകൊത്തുപോലെ രണ്ട് കല്ലിലും യിസ്രയേൽമക്കളുടെ പേർ കൊത്തേണം. അവ പൊന്തടങ്ങളിൽ പതിക്കേണം" (പുറ.28:11) എന്നും ബൈബിളിൽ പരാമർശിച്ചിരിക്കുന്നു.

കടപ്പാട്: Desciples News

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT MONTHLY MAGAZINE ATHMABHISHEKAM

1. Place of Publication : Kamballur
2. Periodicity of the Publication : Monthly
3. Printer's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O.,
   Cherupuzha 670511
4. Publisher's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O
   Cherupuzha 670511
5. Editor's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O.,
   Cherupuzha
   670511

I Devasia Mullakkara hereby declare that the particulars given above are true to the best of my knowledge and belief.

Sd/
Devasia Mullakkara

# ആത്മാഭിഷേകം ടീമിന്റെ ശുശ്രൂഷകൾ

| | |
|---|---|
| നവംബർ 19 | കൺവെൻഷൻ.കോഴിക്കോട്. YMCAഓഡിറ്റോറിയം.YMCAക്രോസ് റോഡ്. Ph:9400784917,9645707908. 10 am-3 pm |
| നവംബർ 21-ഡിസം1 | KUWAIT. |
| ഡിസംബർ 2 | തൃശ്ശൂർ, കൺവെൻഷൻ, ചേംബർ ഓഫ് കൊമേഴ്സ്ഹാൾ,പാലസ് റോഡ് Ph:9961854203 10 am-3 pm |
| ഡിസംബർ 3 | എറണാകുളം, കൺവെൻഷൻ. പാലാരിവട്ടം ചർച്ച് ഹാൾ. Ph:9388487301,10 am-3 pm |
| ഡിസംബർ 9 | തിരുവല്ല. ആത്മാഭിഷേകം ന്യൂ ചർച്ച്ഹാൾ മഞ്ഞാടി. Ph:9446745148 10 am-3 pm |
| ഡിസംബർ 10 | പാറശ്ശാല. കൺവെൻഷൻ. ആത്മാഭിഷേകം വർഷിപ്പ് സെന്റർ, ഷീലാകോട്ടേജ്, പുത്തൻകട റെയിൽവേ പാലത്തിന് സമീപം. Ph:9744569559 10 am-1 pm |
| | തിരുവനന്തപുരം. കൺവെൻഷൻ. പരുത്തിപ്പാറ ഗ്രേസ് മിനിഹാൾ, 2:30 pm-5:30 pm, Ph:9446718242 |
| ഡിസംബർ 24 | ഏറ്റുമാനൂർ. കൺവെൻഷൻ, വ്യാപാരഭവൻ. Ph:9947260420 10 am-3 pm |
| ഡിസംബർ 25-31 | പുളിങ്ങോം. ഉപവാസപ്രാർത്ഥന, ആത്മാഭിഷേകം വചനാശ്രമം. Ph:04985 213999, 9947267701,9446988562 |


FOUR TV Life. On Air.

ആത്മാഭിഷേകം ടി.വി പ്രോഗ്രാം ഫോർ ടി.വിയിലും

ഡെൻ നെറ്റ്‌വർക്കിൽ, എല്ലാ ദിവസവും

6.30 am മുതൽ 7.00 am വരെ


## welcome new members






ATHMABHISHEKAM MONTHLY
2017 NOVEMBER
RNI NO. KER - MAL/2003/12060 - KL/KNR/41/2016-18

Rs.20.00

Licence to post without pre payment
NO.KL/PMG/NR/WPP/1-2/KNR/2016-2018
Published on 17th NOVEMBER 2017

# CHAITHANYA OLD AGE HOME
## (Chaithanya Social Service Society)
### PULINGOME, KANNUR, KERALA, INDIA



ചൈതന്യ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന
അച്ഛൻകിളിക്കൂട്ടിലെ ആശ്രിതർ ശുശ്രൂഷകരോടും ദേവസ്യാ സാറിനുമൊപ്പം

**പുതുവർഷത്തെ പ്രാർത്ഥനയോടെ വരവേൽക്കാം**

**ഡിസംബർ**
**രണ്ടും മൂന്നും**
**ആഴ്ചകളിൽ**
***USA & CANADA***

**ഡിസംബർ 25 മുതൽ 31 വരെ**
**പുളിങ്ങോം**
**ആത്മാഭിഷേകം**
**വചനാശ്രമത്തിൽ വച്ച്**
**7 ദിവസത്തെ**
**ഉപവാസപ്രാർത്ഥനയും**
**ന്യൂ ഇയർ നൈറ്റ് വിജിലും**

**നവംബർ 21 മുതൽ**
**ഡിസംബർ 1 വരെ**
**ദേവസ്യാ മുല്ലക്കരസാർ**
**കുവൈറ്റിൽ**

**ഏവർക്കും സ്വാഗതം**

Printed, Edited and Published by Sri. Devasia Mullakara, On behalf of Athmabhishekam.
Printed at Geethanjali Prints Kozhikode and Published from Kamballur, Cherupuzha (via) Pin - 670 511, Kasaragod(Dt).